# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P.11/1097/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 11/12/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P.11/1097/2022 തീയ്യതി: 11/12/2022

## ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്. ആർ | ഡെപ്യൂട്ടി ഡയറക്ടർ | 24-08-2022 | 03-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-08-2022 | 03-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പി ശ്രീദേവി, ഓഡിറ്റ് ഓഫീസർ
ജയകൃഷ്ണാ ആർ, അസ്സി.ഓഡിറ്റ് ഓഫീസർ
ജാക്വലിൻ പി.ഡബ്ല്യു,സീനിയർ ഗ്രേ ഓഡിറ്റർ
ലക്ഷ്മീകാന്ത്.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.പി.പി സംഗീത | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.രാജശ്രീ.ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 25-04-2021 |
| ശ്രീ.പ്രസാദ്.വി | സെക്രട്ടറി | 26-04-2021 | 31-05-2021 |
| ശ്രീമതി.രാജശ്രീ.ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2021 | 31-07-2021 |
| ശ്രീമതി.സുബൈദ ബായ് | സെക്രട്ടറി | 01-08-2021 | 31-12-2021 |
| ശ്രീമതി.രാജശ്രീ.ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-01-2022 | 31-01-2022 |
| ശ്രീ.ഗോപകുമാർ | സെക്രട്ടറി | 01-02-2022 | 16-02-2022 |
| ശ്രീമതി.രാജശ്രീ.ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-02-2022 | 28-02-2022 |
| ശ്രീമതി.കെ രേഖ | സെക്രട്ടറി | 01-03-2022 | 31-03-2022 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി രാജശ്രീ.ജെ | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി അഞ്ജു ജോർജ്ജ് | അസ്സി എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ അക്ഷയ് ശശിധരൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.രചന | വെറ്റിനറി സർജൻ | 01-04-2021 | 03-12-2021 |
| ഡോ.ദിവ്യ.ആർ. തങ്കം | വെറ്റിനറി സർജൻ | 03-12-2021 | 09-02-2022 |
| ഡോ.സൌമ്യ | വെറ്റിനറി സർജൻ | 09-02-2022 | 31-03-2022 |
| ഡോ.വിദ്യ.എം.പൈ | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2021 | 31-05-2021 |
| ഡോ.താഹിറ | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-06-2021 | 31-03-2022 |
| ശ്രീ.അനുരാജ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 09-02-2022 |
| ശ്രീമതി.അഷമോൾ ആൻറണി | അസി.ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 10-02-2022 | 31-03-2022 |
| ശ്രീമതി.ധന്യ | ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ബിന്ദുമോൾ | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-10-2021 |
| ശ്രീമതി.ഷീബ | ഹെഡ്മിസ്ട്രസ്സ് | 01-11-2021 | 05-12-2021 |
| ശ്രീമതി.സീത | ഹെഡ്മിസ്ട്രസ്സ് | 06-12-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.പ്രവീൺ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 11-10-2021 |
| ശ്രീമതി.മേരി ഫെർണാണ്ടസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കാട്ടൂർ | 12-10-2021 | 01-11-2021 |
| ശ്രീമതി.ഹാഷ്മി.രാജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കാട്ടൂർ | 02-11-2021 | 31-03-2022 |
| ശ്രീ വിഭു.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,വളവനാട് | 01-04-2021 | 31-03-2022 |
| ശ്രീമതി.സുനിത | ഡയറിഎക്സ്റ്റൻഷൻ | 01-04-2021 | 19-04-2021 |
| ശ്രീമതി.സോജ ശിവദാസ് | ഡയറിഎക്സ്റ്റൻഷൻ | 19-04-2021 | 31-03-2022 |
| ശ്രീമതി.അർച്ചന | ആർഎച്ച്.റ്റി.സി ചെട്ടികാട് | 01-04-2021 | 31-03-2022 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്ക് പരിശോധന | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം (എ.സി.ആർ, സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ എന്നിവ പരിഗണിച്ച്) | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ക്ഷേമ പദ്ധതികൾ | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 11 | ഉപയോഗക്രമം മാറ്റുന്നതനുസരിച്ച് കെട്ടിടങ്ങളുടെ വസ്തുനികുതി അസസ്സ് ചെയ്യുന്നില്ല 28,523/- രൂപ നഷ്ടം | 1-10 |
| 12 | റിസോർട്ടിന്റെ വസ്തുനികുതി ക്രമപ്രകാരം ഈടാക്കിയില്ല - നഷ്ടം 47,842/- | 1-11 |
| 13 | ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ലൈസൻസ് ഫീസിനത്തിലുള്ള 47,000/- രൂപ പഞ്ചായത്തിൽ ഒടുക്കി | 1-12 |
| 14 | മൂലധന നിക്ഷേപത്തിന് അനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കിയില്ല - വരുമാന നഷ്ടം 11,000/-രൂപാ | 1-13 |
| 15 | ഓഡിറ്റ് ഇംപാക്ട് -ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 8100/- രൂപാ തൊഴിൽ നികുതി ഈടാക്കി. | 1-14 |
| 16 | സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല- 5000/- രൂപാ വരുമാന നഷ്ടം | 1-15 |
| 17 | സ്പോർട്സ് ക്ലബ്ബുകൾക്ക് കായികഉപകരണങ്ങൾ വാങ്ങി നൽകൽ- പൂർണ്ണമായി വിതരണം നടത്തിയിട്ടില്ല.തടസ്സം- 61427/- | 1-16 |
| 18 | പട്ടികജാതിയിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം-ബിൽ പ്രകാരം നൽകേണ്ടതിനേക്കാൾ കൂടുതൽ തുക പിൻവലിച്ചു. തടസ്സം-18408 /- | 1-17 |
| 19 | പാലിയേറ്റീവ് കെയർ മരുന്നു ഉപകരണങ്ങളും ലഭ്യമായില്ല. 122957 രൂപ തടസ്സപ്പെടുത്തുന്നു | 1-18 |
| 20 | പഠനമുറി നിർമ്മാണം പൂർത്തികരിച്ചില്ല,125000/- രൂപ തടസ്സപ്പെടുത്തുന്നു | 1-19 |
| 21 | തുല്യതാവിദ്യാഭ്യാസം - രേഖകൾ അപൂർണ്ണം - തടസ്സം-198050 /- | 1-20 |
| 22 | കെ.എസ്.ഇ.ബി-നിക്ഷേപ പ്രവർത്തികൾക്കായി തുക നല്കിയത് | 1-21 |

| | | |
|---|---|---|
| | -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല 1025327/-രൂപ ചെലവ് തടസ്സപ്പെടുത്തുന്നു | |
| 23 | പട്ടികജാതി വിദ്യാർത്ഥികൾക്കു പഠനോപകരണ വിതരണം - വിതരണം പൂർത്തിയാക്കിയില്ല.തടസ്സം-5000/- | 1-22 |
| 24 | MGNREGS പ്രവൃത്തിയുടെ ഡിസ്‌പ്ലേബോർഡിന് തുക അനുവദിച്ചു - സ്ഥാപിച്ചിട്ടില്ല 1500/- രൂപ നിരാകരിക്കുന്നു | 1-23 |
| 25 | പാലിന് സബ്സിഡി അധികനിരക്കിൽ നല്കി | 1-24 |
| 26 | ചെലവഴിച്ച തുകയുടെ മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല | 1-25 |
| 27 | സുഭിക്ഷ കേരളം പദ്ധതി-ഫിഷറീസ് സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല | 1-26 |
| 28 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി വിതരണം - അപാകതകൾ.തടസ്സം- 48748 | 1-27 |
| 29 | സുഭിക്ഷ കേരളം മുട്ടക്കോഴി വിതരണം അപാകതകൾ | 1-28 |
| 30 | പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാതെ വർഷങ്ങളായി ശേഷിക്കുന്നു | 1-29 |
| 31 | പൊതുകുടിവെള്ള വിതരണ സംവിധാനം-ഗുണനിലവാരം മെച്ചപ്പെടുത്തൽ അറ്റകുറ്റപ്പണി | 1-30 |
| 32 | ആസ്തിരജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ. | 1-31 |
| 33 | തെരുവ് വിളക്ക് -മീറ്ററിംഗ് തുടർനടപടികൾ സ്വീകരിക്കണം | 1-32 |
| 34 | വാട്ടർ ചാർജ്ജ്-സംയുക്ത പരിശോധന-തുടർനടപടികൾ സ്വീകരിക്കണം | 1-33 |
| 35 | വർഷങ്ങളായി തുടരുന്ന ഡെപ്പോസിറ്റുകൾ-മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കണം | 1-34 |
| 36 | കാലിവീപ്പയുടെ വില സെക്രട്ടറിയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു. | 1-35 |
| 37 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - 80mm Thick Cc Paver Block പാകുന്നതിനായി അധിക നിരക്ക് നൽകിവരുന്നു | 1-36 |
| | ഭാഗം **2** | |
| 1 | സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല-വരുമാന നഷ്ടം 5,000/-രൂപ | 2-1 |
| 2 | മൂലധന നിക്ഷേപത്തിന് അനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കിയില്ല - വരുമാന നഷ്ടം 11,000/-രൂപാ | 2-2 |
| | ഭാഗം **3** | |
| 1 | പാലിന് സബ്സിഡി അധികനിരക്കിൽ നൽകി | 3-1 |
| 2 | MGNREGS പ്രവൃത്തിയുടെ ഡിസ്‌പ്ലേ ബോർഡിന് തുക അനുവദിച്ചു - സ്ഥാപിച്ചിട്ടില്ല 1500/- രൂപ നിരാകരിക്കുന്നു | 3-2 |

| ഭാഗം **4** | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 10.02.2021 തീയതിയിലെ 1-1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 447171341 | 436920385 |
| വാർഷിക കണക്ക് പ്രകാരം<br>(ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 376068653 | 372696237 |

ബജറ്റ്, 31.01.22ലെ തീരുമാനം 2-1 പ്രകാരം പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് 447171341/- രൂപയും ചെലവ് 440138865/-രൂപയുമാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യപത്രിക നിയമാനുസൃത സമയപരിധിക്കകം, 03.06.2022-ൽ സമർപ്പിച്ചിട്ടുണ്ട്.

### 1-2-1 വാർഷിക കണക്ക് പരിശോധന

വാർഷിക കണക്ക് പരിശോധന സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു:

1) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് നിലവിൽ സുലേഖയിൽ ലഭിക്കുന്നില്ല എന്നാണ് മറുപടി നല്കിയിട്ടുള്ളത്.

2) ബി-4 ഷെഡ്യൂൾ പ്രകാരം സി.എഫ്.സി ഗ്രാന്റ് (അൺടൈഡ്) നെഗറ്റീവ് തുക വന്നിരിക്കുന്നു(71990രൂപ). ടൈഡ്, അൺടൈഡ് ഫണ്ടുകൾ രണ്ടും ഫെഡറൽ ബാങ്കിലെ പി.എഫ്.എം.എസ് അക്കൌണ്ടിലാണ് ക്രഡിറ്റ് വരുന്നത്, ഇ-ഗ്രാം സ്വരാജ് മുഖേന പേമെന്റ് നടത്തിയപ്പോൾ ഫണ്ട് സെലക്ട് ചെയ്തതിൽ വ്യത്യാസം വന്നതിനാലാണ് ഈ തുകയിൽ നെഗറ്റീവ് തുക വന്നത്. ഇത് പരിഹരിച്ച് ക്രമീകരിച്ച് ഓഡിറ്റിൽ അറിയിക്കുന്നതാണ് എന്നാണ് മറുപടി നല്കിയിട്ടുള്ളത്.

3) ബാലൻസ് ഷീറ്റിലെ ആസ്തി വിവരങ്ങൾ പരിശോധിക്കുന്നതിലേക്ക് ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല, നിലവിൽ സചിത്ര സോഫ്റ്റ്‌വെയറിലാണ് ആസ്തി വിവരങ്ങൾ രേഖപ്പെടുത്തുന്നത്, ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ടെന്നും എ.ഇ.ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണ് എന്നുമാണ് മറുപടി.

4) തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച് എം.ഐ.എസ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് 1329.68 ലക്ഷം രൂപയാണ്, എന്നാൽ, വാർഷിക കണക്ക് പ്രകാരമുള്ള വരവ് 132902356രൂപയും. വ്യത്യാസം സംബന്ധിച്ച് നല്കിയ വിശദീകരണം, വേജ് റിജക്ഷൻ വന്ന തുക റിപ്രോസസ്സ് ചെയ്യേണ്ടി വന്നതാണ് എന്നാണ്.

5) സഞ്ചയ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള വസ്തുനികുതി (റെസിഡെൻഷ്യൽ, നോൺറെസിഡെൻഷ്യൽ) ഡിമാന്റ് വരവ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ബുക്ക് അഡ്ജസ്റ്റ്മെന്റ് വരുന്നതിനാലാണ് ടി വ്യത്യാസം എന്നാണ് വിശദീകരിക്കപ്പെട്ടത്.

6) അഡ്വാൻസ് രജിസ്റ്ററിൽ ഫെസ്റ്റിവൽ അഡ്വാൻസ്, അഡ്വാൻസ് ടു അദേഴ്സ് (എം.എൻ.ആർ.ഇ.ജി.എ) ഇനങ്ങൾ മാത്രമാണ് രേഖപ്പെടുത്തിക്കാണുന്നത്. മറ്റ് ഇനങ്ങളുടെ വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നതാണെന്നാണ് മറുപടി നല്കിയത്.

7) സംയുക്ത പ്രോജക്ടുകൾക്കായുള്ള ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ മുന്നിരിപ്പും നീക്കിയിരിപ്പും തുല്യമാണ്(473042/-) ടി ഇനത്തിലെ വരവ് ചെലവ് തുകകൾ തമ്മിൽ (4958900-6258900) 1300000/-രൂപ വ്യത്യാസം കാണുന്നു.

സംയുക്ത പ്രോജക്ടുകൾക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിലും മുന്നിരിപ്പ് തന്നെയാണ് നീക്കിയിരിപ്പ്(473703/-) ഇതേ പ്രകാരം വരവ് ചെലവ് തുകകൾ തമ്മിൽ (3450000-4085900) 635900/-രൂപയുടെ വ്യത്യാസം കാണുന്നു. ഇത് സംബന്ധിച്ച് നല്കിയ വിശദീകരണം ചുവടെ ചേർക്കുന്നു-

ജില്ലാ പഞ്ചായത്തിൽ നിന്നും 2200000/-രൂപ ഗ്രാമപഞ്ചായത്തിന് വേണ്ടി സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിൽ നിന്നും ഇ-ഗ്രാം പോർട്ടലിലൂടെ ടി ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്, ഇതിന് പുറമേ ട്രഷറി ബിൽ ഉപയോഗിച്ച് 4958900/-രൂപയും ചേർന്നതാണ് ജില്ലാപഞ്ചായത്ത് വിഹിതമായ 7158900/-രൂപ എന്നും, ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 635900/-രൂപയുടെ വ്യത്യാസം വന്നിട്ടുള്ളത് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നേരിട്ട് കൈമാറിയ തുകയാണ് എന്നും വിശദീകരിച്ചു (ഇതും ഉൾപ്പെട്ട

തുകയാണ് I-6ൽ), ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് നേരിട്ട് കൈമാറിയ ടി തുകകളുടെ വിവരം വാർഷിക കണക്ക് RP-7, RP-31ഷെഡ്യൂളുകളിൽ പ്രതിഫലിച്ചിട്ടില്ല.

8) വികസന ഫണ്ട്(എസ്.സി.പി) ഇനത്തിൽ I-6 പ്രകാരമുള്ള 3558678/-രൂപയും RP7(3510791)+source Ded.(47587)തുക 3558378/- രൂപയുമാണ്. വ്യത്യാസം സംബന്ധിച്ച് (300/-രൂപ) വിശദീകരിച്ചിട്ടില്ല.

9) ലൈഫ് ഭവന പദ്ധതിയിൽ(എസ്.സി.പി) സ്രോതസ്സിൽ കുറവ് വന്ന ടി തുകയുടെ വ്യത്യാസവും, വികസന ഫണ്ട് (ടി.എസ്.പി) കണക്കിൽ (RP-7-ൽ) സ്രോതസ്സിൽ കുറവ് ചെയ്ത തുക (8529/-) ഉൾപ്പെട്ട തുകയാണ് വന്നിട്ടുള്ളത് എന്ന അപാകത ലോൺ നീക്കിയിരിപ്പ് കണക്കിനെ ബാധിച്ചിട്ടുണ്ട് (ബി-5) ലൈഫ് ഭവനപദ്ധതി യഥാർത്ഥ ബാധ്യത 62322586/-ആണ്, ലോൺ രജിസ്റ്റർ പ്രകാരവും ടി തുക തന്നെയാണ് ബാധ്യത, എന്നാൽ വാർഷിക കണക്കിൽ 62331115/- രൂപയാണ് നീക്കിയിരിപ്പ്.

10) അലോട്മെന്റ് ഉത്തരവുകൾ, വാർഷിക കണക്ക് എന്നിവ പ്രകാരമുള്ള വരവ്, ചെലവുകൾ പരിശോധിച്ചതിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്& അൺടൈഡ്) ഇനത്തിലുള്ള നീക്കിയിരിപ്പ് വാർഷിക കണക്കുമായി(B-4) പൊരുത്തപ്പെടുന്നില്ല. പി.എഫ്.എം.എസ് അക്കൌണ്ടിൽ ക്രഡിറ്റ് ആയ ആകെ തുകയുടെ നീക്കിയിരിപ്പ് ശരിയാണ് എന്നാണ് മറുപടി നല്കിയിട്ടുള്ളത്. ഗ്രാന്റുകളുടെ ഇനം തിരിച്ചുള്ള കണക്ക് സൂക്ഷിക്കുന്നതിൽ വരുന്ന അപാകത മൂലം ക്രമ നം.2-ൽ സൂചിപ്പിച്ചിട്ടുള്ളത് പോലെയുള്ള അപാകത സംഭവിക്കുന്നു.

| ഇനം | അലോട്മെന്റ് ഉത്തരവുകൾ പ്രകാരം വരവ് | ചെലവ് (RP-7) | നീക്കിയിരിപ്പ് |
|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 12472535 | 2237793 | 10234742 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 18237663 | 2376980 | 15860683 |

11) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) റൂൾസ് 2011 റൂൾ 62 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട താഴെ ചേർക്കുന്നവ 2020-21 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എ) അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ-പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ.

ബി) അടിസ്ഥാന അനുപാതങ്ങൾ-അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ.

സി) മുൻവർഷത്തെ താരതമ്യ തുകകൾ

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 32909922 |
| വരവ് | 166697028 |
| ആകെ | 199606950 |
| ചെലവ് | 166722444 |
| നീക്കിയിരിപ്പ് | 32884506 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ, സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ എന്നിവ പരിഗണിച്ച്)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ഉറവിടത്തിൽ കുറവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| | | (എ.സി.ആർ പ്രകാരം, സ്രോതസ്സിൽ കുറവ് ചെയ്തത് ഉൾപ്പെടെ) | | ചെയ്തത് | | |
|---|---|---|---|---|---|---|
| | A | B | C (A+B) | D | E | F(C-D-E) |
| വികസനഫണ്ട് പൊതു വിഭാഗം | 0 | 43726117 | 43726117 | 7956351 | 35461526 | 308240 |
| വികസനഫണ്ട് എസ്.സി പി | 0 | 3983950 | 3983950 | 47587 | 3510791 | 425572 |
| വികസനഫണ്ട് ടി എസ് പി | 0 | 309000 | 309000 | 8529 | 268704 | 31767 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 6339000 | 6339000 | 0 | 5076555 | 1262445 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 10959945 | 10959945 | 0 | 8363262 | 2596683 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് | 0 | 12472535 | 12472535 | 0 | 2237793 | 10234742 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | 0 | 18237663 | 18237663 | 0 | 2376980 | 15860683 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 186 | 192213619 | 158 | 157747595 | 12 | 28 | 82.06 |

## 1-6 ക്ഷേമ പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4495000 | 306 |
| വിധവാ പെൻഷൻ | 21714700 | 1662 |
| വാർദ്ധക്യകാല പെൻഷൻ | 56702200 | 5705 |
| വികലാംഗ പെൻഷൻ | 11269700 | 787 |
| അവിവാഹിത പെൻഷൻ | 3719200 | 263 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 360000 | 12 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 894443 | 1137518.5 | 2031961.5 | 2024892 | 7069.50 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 132967536 | 132967536 | 132967536 | 0 |
| ആകെ | 894443 | 134105054.5 | 134999497.5 | 134992428 | 7069.50 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.08.2022 തീയതിയിൽ 03:30 P.M സമയത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15,243/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.
1. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുത്തുന്നില്ല.

2. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുമുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ ലഭ്യമല്ല.

4. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

5. ഓരോ വാർഡിലും ഉള്ള തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരം എഴുതി സൂക്ഷിക്കുന്നില്ല.
6. വാട്ടർ ചാർജ്ജിനത്തിൽ മാർച്ച് മാസം വരെയുള്ള കുടിശ്ശികയിനത്തിൽ 2,46,71,606/- രൂപ അവശേഷിക്കുന്നു. മുൻകാലങ്ങളിൽ സോഴ്സ് ഡിഡക്ഷൻ നടത്തിയ തുകകൾ, അടയ്ക്കാനുള്ള തുകയുടെ കണക്കിൽ നിന്നും കുറവ് ചെയ്യതിന് രേഖകളില്ല.
വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ് എന്നിവയുമായി ഗ്രാമപഞ്ചായത്ത് സംയുക്തപരിശോധന നടത്തിയിട്ടില്ലാത്തതിനാൽ ഉപയോഗപ്രദമല്ലാത്ത വൈദ്യുതവിളക്കുകൾക്കും വാട്ടർ ടാപ്പുകൾക്കും ചാർജ്ജ് നൽകേണ്ടിവരുന്ന അവസ്ഥ നിലനിൽക്കുന്നു. ആയതിനാൽ വാട്ടർചാർജ് ഇനത്തിലും വൈദ്യുതി ചാർജ് ഇനത്തിലും പഞ്ചായത്തു ഫണ്ടിൽ നിന്നും തുക നഷ്ടപ്പെടുന്നു.

7. തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെയൊന്നും തന്നെ മോണിട്ടറിംഗ് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
8. വിവിധ സ്കീമുകളിൽപ്പെടുത്തി പഞ്ചായത്തിൽ നിരവധി ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷൻ നൽകിയിട്ടുണ്ടെങ്കിലും വാട്ടർ ടാപ്പുകളുടെ എണ്ണം കുറവ് ചെയ്യുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.
9. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-04-AD-3000 എന്ന വാഹനത്തിന്റെ പരിപാലനം സംബന്ധിച്ച് ഫ്യൂവൽ രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ തുടങ്ങിയവ എഴുതി സൂക്ഷിച്ചിട്ടില്ല. ലോഗ് ബുക്ക് പരിശോധിച്ചതിൽ മാസാന്ത്യ സംക്ഷിപ്തവും രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണസംവിധാനം ശക്തമാക്കേണ്ടതാണ്.

## 1-10 ഉപയോഗക്രമം മാറ്റുന്നതനുസരിച്ച് കെട്ടിടങ്ങളുടെ വസ്തുനികുതി അസസ്സ് ചെയ്യുന്നില്ല 28,523/- രൂപ നഷ്ടം

സ.ഉ(എം.എസ്)നം:20/2011/തസ്വഭവ, തീയതി 14-11-2011 ചട്ടം 17(1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിയ്ക്കപ്പെട്ട ശേഷം ഘടനാപരമായോ ഉപയോഗക്രമത്തിലോ മാറ്റം വരുത്തുന്ന പക്ഷം 30 ദിവസത്തിനുള്ളിൽ ഉടമ വിവരം പഞ്ചായത്തിൽ അറിയിക്കേണ്ടതും പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 11 പ്രകാരമുള്ള പുതിയ വസ്തുനികുതി റിട്ടേൺ ഉടമ സമർപ്പിയ്ക്കുകയോ, പഞ്ചായത്ത് പുനർനിർണ്ണയിക്കുകയോ ചെയ്യേണ്ടതാണ്.

1) പഞ്ചായത്തിന്റെ ഒൻപതാം വാർഡിലെ പ്രഥമ മേഖലയിൽപ്പെടുന്നതും, 5 മീറ്ററിലധികം വഴി സൗകര്യമുള്ളതുമായ പാം ഫൈബർ കമ്പനിയുടെ ഫാക്ടറി ഷോപ്പ് പ്രവർത്തിയ്ക്കുന്ന 347.8m$^2$ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ (കെട്ടിട നം: 9/710) അവസാന അസസ്സ്മെന്റിന് ശേഷം ഉപയോഗക്രമത്തിലും ഘടനാപരമായും മാറ്റം വരുത്തിയ വിവരം പഞ്ചായത്തിൽ ടി

സ്ഥാപനം അറിയിച്ചിട്ടില്ല എന്നും ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ (ഓഡിറ്റ് അന്വേഷണം-07/29/08/22) തുടർന്ന് നടത്തിയ സ്ഥല പരിശോധനയിലാണ് ഈ വിവരം ബോധ്യപ്പെട്ടതെന്നും സെക്രട്ടറി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

കെട്ടിടത്തിന് ഘടനാപരമായും ഉപയോഗക്രമത്തിലും മാറ്റം വരുത്തിയതിനാൽ കെട്ടിടത്തിന്റെ നിലവിലെ ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്, ഇതിനാൽ കാലപ്പഴക്കത്തിന് നൽകുന്ന ഇളവ് ബാധകമല്ല. എന്നാൽ സഞ്ചയ സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പാം ഫൈബർ കമ്പനി നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ വില്പന നടത്തുന്ന ടി കെട്ടിടത്തിന്റെ വസ്തുനികുതി 100m$^2$ മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഗോഡൗണുകൾ എന്നീ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളിൽ നിന്നും ഇടാക്കേണ്ട വസ്തുനികുതി ച:മീറ്ററിന് 60/- രൂപാ നിരക്കിന് പകരം ഇതര വ്യവസായങ്ങൾക്കാവശ്യമുള്ള കെട്ടിടങ്ങളിൽ നിന്നും ഇടാക്കേണ്ട ച:മീറ്ററിന് 50/- രൂപാ നിരക്കിലാണ് നിലവിൽ ഈടാക്കുന്നത്. കൂടാതെ വസ്തുനികുതിയിന്മേൽ കാലപ്പഴക്കത്തിന് നൽകുന്ന 10% ഇളവ് ബാധകമാക്കിയാണ് നിലവിൽ വസ്തുനികുതി ഈടാക്കിയിരിക്കുന്നത്.

സഞ്ചയ സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നിലവിൽ വസ്തുനികുതി ഈടാക്കുന്നതും കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റിയത് മൂലം ഇടാക്കേണ്ടതുമായ വസ്തുനികുതിയുടെ വിവരങ്ങൾ താഴെ വിശദീകരിക്കുന്നു.

| | നികുതി നിർണയിച്ചത് | നികുതി നിർണയിക്കേണ്ടത് | നഷ്ടം |
|---|---|---|---|
| അടിസ്ഥാന വസ്തു നികുതി | 347.8 M$^2$ @50 = 17390 | 347.8m$^2$ @60 = 20,868 | |
| മേൽക്കൂര ഇളവ് 10% | (-) 1739 | (-) 2086.8 | |
| കാലപ്പഴക്കം 10% ഇളവ് | (-) 1739 | | |
| വഴി സൌകര്യം 20% വർദ്ധനവ് | (+) 3478 | (+) 4173.6 | |
| നികുതി | 17390 | 22,954.8 | |
| ലൈബ്രറി സെസ് 5% | (+) 869.5 | (+)1147.74 | |
| ആകെ | (+)18260 | (+) 24,102.54 | |
| നിലവിലെ നികുതി | 18,260 | ഈടാക്കേണ്ട നികുതി =24,103/- | 5,843/- |

ഇത്തരത്തിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റുന്നതിനനുസരിച്ച് നികുതി പുനർനിർണ്ണയിക്കാത്തത് മൂലം 5,843/- രൂപയുടെ വരുമാന നഷ്ടമാണ് പഞ്ചായത്തിന് ഉണ്ടായിട്ടുള്ളത്. കെട്ടിടത്തിന്റെ ഉപയോഗ ക്രമത്തിനനുസൃതമായി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (26/തീയതി 03/09/22) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിച്ച് 2021-22 ലെ കിടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2) പഞ്ചായത്തിന്റെ എട്ടാം വാർഡിലെ പ്രഥമ മേഖലയിൽ ഉൾപ്പെടുന്നതും, 5 മീറ്ററിലധികം വഴി സൗകര്യമുള്ളതുമായ പാം ഫൈബർ കമ്പനി പ്രവർത്തിക്കുന്ന 540m$^2$ തറവിസ്തീർണ്ണമുള്ള ഫാക്ടറി കെട്ടിടത്തിന്റെ (കെട്ടിട നം:8/600) 2013 ലെ അവസാന അസസ്സ്മെന്റിന് ശേഷം ഉപയോഗക്രമം മാറ്റം വരുത്തിയ വിവരം പഞ്ചായത്തിൽ ടി സ്ഥാപനം അറിയിച്ചിട്ടില്ല എന്നും ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ (ഓഡിറ്റ് അന്വേഷണം നം-07/തീയതി. 29/08/22) തുടർന്ന് നടത്തിയ സ്ഥല പരിശോധനയിലാണ് ഈ വിവരം ബോധ്യപ്പെട്ടതെന്നും സെക്രട്ടറി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ ഉപയോഗക്രത്തിൽ മാറ്റം വരുത്തിയതിനാൽ കെട്ടിടത്തിന്റെ നിലവിലെ ഉപയോഗക്രത്തിന് അനുസൃതമായി വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്, ഇതിനാൽ കാലപ്പഴക്കത്തിന് നൽകുന്ന ഇളവ് ബാധകമല്ല. സഞ്ചയ സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം ഇതര വ്യവസായങ്ങൾക്കാവശ്യമുള്ള കെട്ടിടങ്ങളിൽ നിന്നും ഇടാക്കേണ്ട ച:മീറ്ററിന് 50 രൂപാ നിരക്കിലുള്ള വസ്തുനികുതി ഈടാക്കുന്നതിന് പകരം ചെറുകിട വ്യവസായ ആവശ്യത്തിനുള്ള കയറുപിരി ഷെഡ് എന്ന ഗണത്തിൽപ്പെടുത്തി ച:മീറ്ററിന് 15/- രൂപാ നിരക്കിലാണ് നിലവിൽ ടി കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കുന്നത്. കൂടാതെ വസ്തുനികുതിയിന്മേൽ കാലപ്പഴക്കത്തിന് നൽകുന്ന 10% ഇളവ് ബാധകമാക്കിയാണ് നിലവിൽ വസ്തുനികുതി ഈടാക്കിയിരിക്കുന്നത്.

സഞ്ചയ സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നിലവിൽ കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കുന്നതും നിലവിലെ ഉപയോഗക്രമം അനുസരിച്ച് ഇടാക്കേണ്ടതുമായ വസ്തുനികുതിയുടെ വിവരങ്ങൾ താഴെ വിശദീകരിക്കുന്നു.

| | നികുതി നിർണയിച്ചത് | നികുതി നിർണയിക്കേണ്ടത് | നഷ്ടം |
|---|---|---|---|

| | | | |
|---|---|---|---|
| അടിസ്ഥാന വസ്തു നികുതി | 540 $M^2$ @15 = 8100 | 540$m^2$ @50= 27000 | |
| മേൽക്കൂര ഇളവ് 10% | (-) 810 | (-) 2700 | |
| കാലപ്പഴക്കം 10% ഇളവ് | (-) 810 | --- | |
| വഴി സൌകര്യം 20% വർദ്ധനവ് | (+) 1620 | (+) 5400 | |
| നികുതി | 8,100/- | 29700/- | |
| ലൈബ്രറി സെസ് 5% | (+) 405 | (+)1485 | |
| ആകെ | (+)8505 | (+)31,185 | |
| നിലവിലെ നികുതി | 8505 | ഈടാക്കേണ്ട നികുതി =31,185/- | 22,680/- |

മേൽ സൂചിപ്പിച്ച പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം മാറുന്നതിനനുസരിച്ച് നികുതി പുനർനിർണ്ണയിക്കാത്തത് മൂലം 22,680/- രൂപയുടെ വരുമാന നഷ്ടമാണ് പഞ്ചായത്തിന് ഉണ്ടായിട്ടുള്ളത്. കെട്ടിടത്തിന്റെ ഉപയോഗക്രമം വ്യവസായ ആവശ്യത്തിനുള്ള കയറു പിരി ഷെഡ് എന്നത് മാറ്റി ഇതര വ്യവസായങ്ങൾക്കുള്ളവ എന്ന ഗണത്തിൽപ്പെടുത്തി വസ്തുനികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:26/തീയതി-03/09/22) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിച്ച് 2021-22 ലെ കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-11 റിസോർട്ടിന്റെ വസ്തുനികുതി ക്രമപ്രകാരം ഈടാക്കിയില്ല - നഷ്ടം 47,842/-

1) റിസോർട്ടിൽ പുതുതായി നിർമ്മിച്ച നീന്തൽക്കുളത്തിന്റെ വസ്തുനികുതി ഈടാക്കിയില്ല വരുമാന നഷ്ടം – 39,220/- രൂപ

സ.ഉ(എം.എസ്)നം:20/2011/തസ്വഭവ തീയതി 14-11-2011 ചട്ടം 3(3) പ്രകാരം ഒരു കെട്ടിടത്തിനോടനുബന്ധിച്ച് ഒരു സ്വിമ്മിംഗ് പൂൾ നിർമ്മിക്കുന്നു എങ്കിൽ അതിന്റെ വിസ്തീർണ്ണം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തി നികുതി ഇടാക്കേണ്ടതും 30 ദിവസത്തിനുള്ളിൽ ഉടമ വിവരം പഞ്ചായത്തിൽ അറിയിക്കുകയും ചട്ടം 11 പ്രകാരം പുതിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്.

2021-22ലെ വസ്തു നികുതി സംബന്ധിച്ച സഞ്ചയ സപ്ലിമെന്ററി അസസ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള പഞ്ചായത്തിന്റെ ഒന്നാം വാർഡിലെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുന്ന 5 മീറ്ററിലധികം വഴി സൌകര്യമുള്ള അബാദ് ടർട്ടിൽ ബീച്ച് റിസോർട്ടിന്റെ 15 വർഷം കാലപ്പഴക്കമുള്ളതും 106.65$m^2$ തറവിസ്തീർണ്ണമുള്ളതുമായ (കെട്ടിട നം:I/147) കെട്ടിടത്തിന്റെ വസ്തുനികുതി 2013ൽ നിർണ്ണയിച്ചതിന് ശേഷം കെട്ടിടത്തിനോട് ചേർന്ന് 377.30$m^2$ തറവിസ്തീർണ്ണമുള്ള നീന്തൽകുളം പുതുതായി നിർമ്മിച്ച വിവരം പഞ്ചായത്തിൽ ടി സ്ഥാപനം അറിയിച്ചിട്ടില്ല എന്നും ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ (ഓഡിറ്റ് അന്വേഷണം 7/29/8/22) ഉടർന്ന് നടത്തിയ സ്ഥല പരിശോധനയിലാണ് ഈ വിവരം ബോധ്യപ്പെട്ടതെന്നും സെക്രട്ടറി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സഞ്ചയ ഡാറ്റാ ബേസ് പരിശോധിച്ചതിൽ, റിസോർട്ടിൽ പുതുതായി നിർമ്മിച്ച ടി നീന്തൽക്കുളത്തിന്റെ വിസ്തൃതിയ്ക്ക് അനുസൃതമായുള്ള വസ്തുനികുതി, റിസോർട്ടിന്റെ, മേൽ സൂചിപ്പിച്ച കെട്ടിടത്തിന് (കെട്ടിട നം: I/147) നിലവിൽ

ഈടാക്കുന്ന വസ്തുനികുതിയോട് ചേർത്ത് ഈടാക്കുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | കെട്ടിടത്തിന്റെ നികുതി നിലവിൽ നിർണയിച്ചത് | നീന്തൽകുളത്തിന്റെ വസ്തുനികുതി നിർണയിക്കേണ്ടത് | ആകെ ഇടാക്കേണ്ട വസ്തുനികുതി | അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|---|---|
| അടിസ്ഥാന വസ്തു നികുതി | 106.65 $M^2$ @90 = 9598 | 377.3$m^2$ @90= 33,957 | | |
| മേഖല (ദ്വിതീയം) 10% ഇളവ് | (-)959.85 | (-)3395.7 | | |
| മേൽക്കൂര ഇളവ് 10% | (-) 959.85 | - | | |
| കാലപ്പഴക്കം 10% ഇളവ് | (-) 959.85 | - | | |
| വഴി സൌകര്യം 20% വർദ്ധനവ് | (+) 1919.7 | (+) 6791.4 | | |
| നികുതി | 8,639/- | 37,352.7 | | |
| ലൈബ്രറി സെസ് 5% | (+) 432 | (+)1867.6 | | 1436/- |
| ആകെ | (+)9071 | (+) 39,220/- | 48,291/- | 39,220/- |

മേൽ സൂചിപ്പിച്ച പോലെ 2013 അവസാന അസസ്സ്മെൻറിന് ശേഷം കെട്ടിടത്തിനോട് ചേർന്ന് 377.30$m^2$ തറവിസ്തീർണ്ണമുള്ള നീന്തൽക്കുളം പുതുതായി നിർമ്മിച്ച വിവരം പഞ്ചായത്തിൽ ടി സ്ഥാപനം അറിയിച്ചിട്ടില്ലാത്തത് മൂലം പഞ്ചായത്തിന്റെ വരുമാനത്തിൽ 39,220/- രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. കെട്ടിടം സ്ഥിതി ചെയ്യുന്നത് CRZ പരിധിയിൽ ആയതിനാൽ KCZM യുടെ അനുമതിയോട് കൂടി മാത്രമേ നികുതി പുനർനിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ എന്നും ആയതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് നികുതി പുനർ നിർണ്ണയിച്ച വിവരം ഓഡിറ്റിൽ അറിയിക്കാമെന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:25 /തീയതി:02-09-2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികമായി ഈടാക്കേണ്ട വസ്തുനികുതി പുനർനിർണ്ണയിച്ച് 2021-22 ലെ വസ്തുനികുതി കിടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2) കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ ശേഷം വസ്തുനികുതി ക്രമപ്പെടുത്തിയില്ല - വരുമാന നഷ്ടം - 8622/-

സ.ഉ(എം.എസ്)നം:20/2011/തസ്വഭവ, തീയതി 14-11-2011 ചട്ടം 17(1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ശേഷം ഘടനാപരമായോ ഉപയോഗക്രമത്തിലോ മാറ്റം വരുത്തുന്ന പക്ഷം 30 ദിവസത്തിനുള്ളിൽ ഉടമ വിവരം പഞ്ചായത്തിൽ അറിയിക്കേണ്ടതും ചട്ടം 11 പ്രകാരമുള്ള പുതിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്.

പഞ്ചായത്തിന്റെ ഒന്നാം വാർഡിലെ ദ്വിതീയ മേഖലയിൽപ്പെടുന്നതും, 5 മീറ്ററിലധികം വഴി സൌകര്യമുള്ളതുമായ അബാദ് ടർട്ടിൽ ബീച്ച് റിസോർട്ട് എന്ന സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ സൂചിപ്പിക്കുന്ന ആയുർവേദ സുഖ ചികിൽസാ കേന്ദ്രം റിസോർട്ടിലെ I/138 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായും നിലവിൽ ടി കെട്ടിടത്തിനെ റിസോർട്ടായി അസസ്സ് ചെയ്താണ് വസ്തുനികുതി ഈടാക്കുന്നതെന്നും, സ്ഥല പരിശോധനയിലാണ് ഈ വിവരം ബോധ്യപ്പെട്ടതെന്നും ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ (ഓഡിറ്റ് അന്വേഷണം നം-07/തീയതി.29/08/22) തുടർന്ന് സ്ഥല പരിശോധന നടത്തി സെക്രട്ടറി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

കെട്ടിടത്തിന്റെ ഉപയോഗക്രമം 2013ലെ അവസാന അസസ്സ്മെൻറിന് ശേഷം ആയുർവേദ സുഖ ചികിൽസാ കേന്ദ്രമായി മാറ്റം വരുത്തിയതിനാൽ ചട്ടം 11 പ്രകാരമുള്ള പുതിയ വസ്തുനികുതി റിട്ടേണും, കെട്ടിടത്തിന്റെ വസ്തുനികുതിയുടെ വർദ്ധനവിനുള്ള പരിമിതിയും ബാധകമല്ല എന്നാൽ സഞ്ചയ റെജിസ്റ്റർ പരിശോധിച്ചതിൽ ടി കെട്ടിടത്തിന് ആയുർവേദ സുഖ ചികിൽസാ കേന്ദ്രങ്ങളിൽ നിന്നും ഇടാക്കേണ്ട പഞ്ചായത്ത് നിർണ്ണയിച്ച വസ്തു നികുതി നിരക്കായ 150/- രൂപയ്ക്കു

പകരം റിസോർട്ട് വിഭാഗത്തിലുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കേണ്ട 90/- രൂപാ നിരക്കിലുള്ള വസ്തുനികുതിയാണ് ഈടാക്കുന്നത്. നികുതിയുടെ വർദ്ധനവിനുള്ള പരിമിതി ബാധകമാക്കിയതായും കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| | നികുതി നിർണയിച്ചത് | നികുതി നിർണയിക്കേണ്ടത് | നഷ്ടം |
|---|---|---|---|
| അടിസ്ഥാന വസ്തു നികുതി | 70.33m$^2$@90 = 6329.7 | 70.33 M$^2$ @150= 10549.5 | |
| മേഖല (ദ്വിതീയം) 10% ഇളവ് | (-)632.97 | (-)1054.95 | |
| മേൽക്കൂര ഇളവ് 10% | (-) 632.97 | (-) 1054.95 | |
| വഴി സൌകര്യം 20% വർദ്ധനവ് | (+) 1265.94 | (+) 2109.8 | |
| നികുതി | 6329.7/- | 12,659/- | |
| ലൈബ്രറി സെസ് 5% | (+) 317 | (+)2609.98 | |
| ആകെ | (+)6646.7 | (+) 15268.98 | |
| വസ്തുനികുതി വർദ്ധനവിനുള്ള പരിമിതി | 3150 | ബാധകമല്ല | |
| നിലവിലെ നികുതി | 6647 | ഈടാക്കേണ്ട നികുതി =15,269/- | 8622 |

മേൽ സൂചിപ്പിച്ച പോലെ 2013 അവസാന അസസ്സ്മെൻറിന് ശേഷം കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയത് മൂലം പഞ്ചായത്തിന്റെ വരുമാനത്തിൽ 8622/- രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. കെട്ടിടം സ്ഥിതി ചെയ്യുന്നത് CRZ പരിധിയിൽ ആയതിനാൽ KCZM യുടെ അനുമതിയോട് കൂടി മാത്രമേ കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ എന്നും ആയതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് നികുതി പുനർനിർണ്ണയിച്ച വിവരം ഓഡിറ്റിൽ അറിയിക്കാമെന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം:25 /തീയതി:02-09-22) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിച്ച് 2021-22 ലെ വസ്തുനികുതി കിടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ലൈസൻസ് ഫീസിനത്തിലുള്ള 47,000/- രൂപ പഞ്ചായത്തിൽ ഒടുക്കി

2018 ലെ കേരളാ നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ചെയ്യപ്പെട്ട 1996 ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങളിലെ, ചട്ടം 7 പട്ടിക II പ്രകാരം വ്യാപാര/ വ്യവസായ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന്റെ വാർഷിക ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത്.

1) 2021-22 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ഹാജരാക്കിയ നിരാക്ഷേപ പത്രമായ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള മൂലധന നിക്ഷേപത്തിന് അനുസൃതമായി കേരളാ പഞ്ചായത്തി രാജ് ആക്ട്- 232ാം വകുപ്പിന്റെ 31-10-2017 ലെ ഭേദഗതി ചട്ടങ്ങളിലെ 7ാം ചട്ടം പട്ടിക-II പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാത്തത് മൂലം ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിനുണ്ടായ വരുമാന നഷ്ടം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം:1,2/തീയതി: 24-08-22/26-08-22) നൽകിയതിനെ തുടർന്ന് താഴെ ചേർക്കുന്ന നാല് സ്ഥാപനങ്ങൾ താഴെ സൂചിപ്പിക്കുന്ന രസീത് നമ്പറുകൾ പ്രകാരം 34,000/-രൂപാ പഞ്ചായത്തിൽ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം/ | PCB രജിസ്ട്രേഷൻ നമ്പർ/PCB | ഈടാക്കിയ ലൈസൻസ് ഫീസ് | ഇടാക്കേണ്ട ലൈസൻസ് ഫീസ് | രസീത് നം/ തീയതി | ഒടുക്കിയ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | എൻകെയ്സ് റസിഡൻസി ആന്റ് റസ്റ്റോറന്റ്. | PCB\ALP \UCO-2717\13. 75 ലക്ഷം. | 4000 | 5000 | 1220200592/ 25-08-2022 | 1000 |
| 2 | ക്യാംലോട്ട് കൺവെൻഷൻ സെൻറർ. | PCB\ALP \UCO-2717\13 969.10 ലക്ഷം (9.691 കോടി) | 4000 | 15000 | 1220200596/ 25-08-2022 | 11000 |
| 3 | ക്യാംലോട്ട് കോർഡിയാലിറ്റി ഹോട്ടൽസ് (പ്രൈ) ലിമിറ്റഡ്. | PCB\ALP \UCO-2717\13 | 4000 | 15000 | 1220200596/ 25-08-2022 | 11000 |
| 4 | അബാദ് ടർട്ടിൽ ബീച്ച് റിസോർട്ട്. | PCB\ALP \ICO-6371 \2020. 1373 ലക്ഷം (13.73 കോടി) | 4000 | 15000 | 1220200631/ 21-08-2022 | 11000 |
| | ആകെ | | | | | 34000 |

2) താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനായി പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷയിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപത്തിന് അനുസൃതമായി കേരളാ പഞ്ചായത്തി രാജ് ആക്ട്- 232ാം വകുപ്പിന്റെ 31-10-2017 ലെ ഭേദഗതി ചട്ടങ്ങളിലെ 7ാം ചട്ടം പട്ടിക-II പ്രകാരം ഇടാക്കേണ്ട ലൈസൻസ് ഫീസ് ഈടാക്കാത്തത് മൂലം പഞ്ചായത്തിനുണ്ടായ വരുമാന നഷ്ടം ഓഡിറ്റ് അന്വേഷണത്തിലൂടെ (1/തീയതി:24-08-22) പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് താഴെ സൂചിപ്പിക്കുന്ന രസീത് നമ്പറുകൾ പ്രകാരം 13,000/-രൂപാ പഞ്ചായത്തിൽ ഒടുക്കിയതായി മേൽ സൂചിപ്പിച്ച ഓഡിറ്റ് അന്വേഷത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | അപേക്ഷ പ്രകാരമുള്ള മൂലധന നിക്ഷേപം | ഈടാക്കിയ ലൈസൻസ് ഫീസ് | ഇടാക്കേണ്ട ലൈസൻസ് ഫീസ് | രസീത് നം/ തീയതി | ഒടുക്കിയ തുക |
|---|---|---|---|---|---|---|
| 1 | ആലപ്പി ഫിഷർമെൻ വില്ലേജ് ബീച്ച് റിസോർട്ട് (പ്രൈ) ലിമിറ്റഡ് | 25 കോടി | 4000 | 15000 | 1220200615/ 26-08-2022 | 11000 |
| 2 | ഇറാൻഡ്യ മാരാരി ആയുർവേദ ബീച്ച് റിസോർട്ട് (പ്രൈ) ലിമിറ്റഡ് | 1 കോടി | 4000 | 5000 | 1220200612/ 26-08-2022 | 1000 |
| 3 | മാരാരി ഗ്രീൻ വില്ല. | 1 കോടി | 4000 | 5000 | 1220200603/ 25-08-2022 | 1000 |
| | ആകെ | | | | | 13,000/- |

1-13 മൂലധന നിക്ഷേപത്തിന് അനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കിയില്ല - വരുമാന

നഷ്ടം 11,000/-രൂപാ

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന റ്റി.വി.എസ്. അയ്യങ്കാർ ആന്റ് സൺസ് എന്ന സ്ഥാപനം ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ഹാജരാക്കിയ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള മൂലധന നിക്ഷേപത്തിന് അനുസൃതമായി ഈടാക്കേണ്ട ലൈസൻസ് ഫീസിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം/ | PCB രജിസ്ട്രേഷൻ നമ്പർ/PCB | ഈടാക്കിയ ലൈസൻസ് ഫീസ് | ഇടാക്കേണ്ട ലൈസൻസ് ഫീസ് | വരുമാന നഷ്ടം |
|---|---|---|---|---|---|
| 1 | റ്റി.വി.എസ്. അയ്യങ്കാർ ആന്റ് സൺസ് | PCB/ALP /UCO-4082/15 203.85 ലക്ഷം (2.0385 കോടി) | 4000 | 15000 | 11,000/- |
| | ആകെ | | | | 11,000/- |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:1/തീയതി:24-08-22) ടി സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസിനത്തിൽ ഈടാക്കേണ്ട 11,000/- രൂപാ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി സ്ഥാപനത്തിൽ നിന്നും ക്രമപ്രകാരം ഈടാക്കേണ്ട ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 ഓഡിറ്റ് ഇംപാക്ട് -ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 8100/- രൂപാ തൊഴിൽ നികുതി ഈടാക്കി.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(ii)എ(i) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിൽ 60ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകും.

പഞ്ചായത്തിന്റെ 2021-22ലെ തൊഴിൽ നികുതി രജിസ്റ്റർ, വരുമാന പത്രിക എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും, തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കാത്തത് മൂലം പഞ്ചായത്തിനുണ്ടായ വരുമാന നഷ്ടം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം:6/തീയതി: 27-08-2022) നൽകിയതിനെ തുടർന്ന് എൻകെയ്സ് റസിഡൻസി, പാതിരപ്പള്ളി എന്ന സ്ഥാപനം താഴെ സൂചിപ്പിക്കുന്ന രസീതുകൾ പ്രകാരം 8,100/-രൂപാ പഞ്ചായത്തിൽ ഒടുക്കിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | 2021-22 അർദ്ധവർഷം | രസീത് നം/ തീയതി | ഒടുക്കിയ തുക |
|---|---|---|---|---|
| 1 | എൻകെയ്സ് റസിഡൻസി, പാതിരപ്പള്ളി | ഒന്നാം അർദ്ധവർഷം | 1220200711 തീയതി 03-09-2022 | 4050/- |
| | | രണ്ടാം അർദ്ധവർഷം | 1220200712 തീയതി 03-09-2022 | 4050/- |
| | | | ആകെ | 8100/- |

1-15 സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല- 5000/- രൂപാ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ/ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ/സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250/- രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2021-22ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനം | അർദ്ധവർഷം | |
|---|---|---|---|
| 1 | പതിരപ്പള്ളി ക്ഷീരോൽപാദക സഹകരണ സംഘം. | 1& 2 | 2500 |
| 2 | പള്ളിപ്പറമ്പിൽ ഫിനാൻസിയേർസ് | 1& 2 | 2500 |
| | | ആകെ | 5000 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (6/തീയതി 27/08/2022) മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് ഇത് സംബന്ധിച്ച് കത്ത് നൽകിയതായും സ്ഥാപന തൊഴിൽ നികുതി അടവാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ നിന്നും 2021-22 ലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 സ്പോർട്സ് ക്ലബ്ബുകൾക്ക് കായികഉപകരണങ്ങൾ വാങ്ങി നൽകൽ- പൂർണ്ണമായി വിതരണം നടത്തിയിട്ടില്ല.തടസ്സം- 61427/-

| | |
|---|---|
| പദ്ധതിയുടെ പേര്. | സ്പോർട്സ് ക്ലബ്ബുകൾക്ക് കായിക ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യൽ. (പ്രോജക്ട് നം. 66/22) |
| നിർവ്വഹണഉദ്യോഗസ്ഥ | ഹെഡ്മാസ്റ്റർ, ഗവ.യു.പി.എസ്. |
| അടങ്കൽ | 240000/- (വികസനഫണ്ട് -ജന) |
| ചെലവ് | തുക |
| ബിൽ നം 9/21-22 /15.03.22 | 198145 /- |

ടി പ്രോജക്ട് പ്രകാരം 54 സ്പോർട്സ് ക്ലബ്ബുകൾക്കു വിതരണം ചെയ്യുന്നതിനായി സ്പോർട്സ് ഹബ്ബ്, കരുനാഗപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നും 198145/- രൂപയുടെ കായിക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ആയതിന്റെ വിതരണരേഖകൾ പരിശോധിച്ചതിൽ നിന്നും ആകെ 34 ക്ലബ്ബുകൾ മാത്രമേ ഉപകരണങ്ങൾ കൈപ്പറ്റിയിട്ടുള്ളൂ എന്നു കാണുന്നു. ബാക്കി 20 ക്ലബ്ബുകൾ ഉപകരണങ്ങൾ കൈപ്പറ്റിയിട്ടില്ല എന്നു കാണുന്നു. ഇപ്രകാരം ക്ലബ്ബുകൾ ഉപകരണങ്ങൾ കൈപ്പറ്റാതിരുന്നതിനു കാരണം ആരാഞ്ഞുകൊണ്ടും, മേൽ സൂചിപ്പിച്ച സ്പോർസ് ക്ലബ്ബുകളെ എപ്രകാരം തെരഞ്ഞെടുത്തു എന്നും, ആവശ്യമായ കായിക ഉപകരണങ്ങളുടെ വിവരങ്ങൾ എപ്രകാരം ശേഖരിച്ചുവെന്നുമുള്ള വിവരങ്ങൾ നല്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/1.09.22) നൽകിയ മറുപടിയിൽ, ബാക്കി 20 ക്ലബ്ബുകൾ ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ ടി ഉപകരണങ്ങൾ കൈമാറാതെ സ്റ്റോക്കിൽ സൂക്ഷിച്ചിരിക്കുന്നു എന്നു മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഇതിൽ നിന്നും കായിക ഉപകരണങ്ങൾ അത്യാവശ്യമുള്ളതും, സ്പോർട്സ് കൗൺസിൽ രജിസ്ട്രേഷൻ ഉള്ളതുമായ സ്പോർട്സ് ക്ലബ്ബുകളിൽ നിന്നും കായിക ഉപകരണങ്ങളുടെ അർഹതാനിർണ്ണയം നടത്തിയിട്ടില്ല എന്നു കാണുന്നു. വികസനഫണ്ട് ഫലപ്രദമായി ചെലവഴിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥ യാതൊരു സൂക്ഷ്മതയും പുലർത്തിയിട്ടില്ല. വിതരണം ചെയ്യാത്ത ഉപകരണങ്ങൾ അർഹതയുള്ള സ്പോർട്സ് ക്ലബ്ബുകൾക്കു നൽകി ആയതു സംബന്ധിച്ച മതിയായ രേഖകൾ ഹാജരാക്കുന്നതുവരെ ടി പ്രോജക്ട് പ്രകാരം വിതരണം നടത്താത്ത കായിക ഉപകരണങ്ങളുടെ വിലയായ 61427/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 പട്ടികജാതിയിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം-ബിൽ പ്രകാരം നൽകേണ്ടതിനേക്കാൾ കൂടുതൽ തുക പിൻവലിച്ചു. തടസ്സം-18408 /-

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടികജാതിയിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം (പ്രോജക്ട് നം. 59/22) |
| അടങ്കൽ | 478805 (വികസനഫണ്ട്-എസ്.സി.പി.) |
| ചെലവ് | തുക |
| ബിൽ നം 3/21-22 /20.09.21 | 478805 /- |

| | |
|---|---|
| നിർവ്വഹണം | ഹെഡ്മാസ്റ്റർ,ഗവ.യു.പി.എസ്. |

പട്ടികജാതിയിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം. (പ്രോജക്ട് നം. 59/22)

അടങ്കൽ - 478805 (വികസനഫണ്ട്- എസ്.സി.പി.)

ചെലവ്-

ബിൽ നം 3/21-22/20.09.21 - 478805/-

പദ്ധതി പ്രകാരം 17 ലാപ്ടോപ്പുകളും, 17 ലാപ്ടോപ്പ് ബാഗുകളും GEM മുഖേന ACER India Pt Ltd ൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ലാപ്ടോപ്പ് ഒന്നിന് 22551/- രൂപ നിരക്കിലും, ലാപ്ടോപ്പ് ബാഗ് ഒന്നിന് 400/- രൂപ നിരക്കിലുമുള്ള തുകയായ 390167/- രൂപയും 18 % ജിഎസ്.ടി യും ഉൾപ്പെടുന്ന തുകയായ 460397.06 രൂപയാണ് സ്ഥാപനത്തിന്റെ ബിൽ പ്രകാരം നൽകേണ്ടിയിരുന്നത്. ആയതിനാൽ പദ്ധതി നടത്തിപ്പിനുവേണ്ടി ബിൽ നം 3/21-22 /20.09.21 പ്രകാരം 478805/- രൂപ പിൻവലിച്ചതിനു കാരണം വിശദമാക്കേണ്ടതാണ്. സ്ഥാപനത്തിനു തുക നൽകിയതിന്റെ രേഖകൾ, തുകയുടെ കൈപ്പറ്റ രസീത് എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്കു(നം.17/1.09.22) മറുപടി ഹാജരാക്കിയിട്ടില്ല. ടി അപാകതയ്ക്കു മതിയായ വിശദീകരണം, മേൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ എന്നിവ ഹാജരാക്കുന്നതുവരെ ടി പദ്ധതിക്കായി അധികം ചെലവഴിച്ച 18408/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 പാലിയേറ്റീവ് കെയർ മരുന്നു ഉപകരണങ്ങളും ലഭ്യമായില്ല. 122957 രൂപ തടസ്സപ്പെടുത്തുന്നു

2021-22 വർഷത്തെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി ചെട്ടികാട് സി എച്ച് സി യിലേക്ക് മരുന്നുകളും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിന് മെഡിക്കൽ ഓഫീസർ (സി എച്ച് സി) നടപ്പിലാക്കിയ ഈ പദ്ധതിയിൽ ബിൽ നം. 9/21-22/23.7.21 പ്രകാരം 290000/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ഇതിൽ 215326/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. 74674/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. ബാക്കി തുകയ്ക്കുള്ള മരുന്നുകളും ഉപകരണങ്ങളും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണെന്ന് ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി.

*3 പാലിയേറ്റീവ് പരിചരണ പദ്ധതി പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കേർപ്പറേഷന് 59998/- രൂപ (ബിൽ നം. 61/21-22/22.3.22) നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.*

| Sl.no. | Invoice No | Name Of Drugs | Quantity | Unit | Rate | Cgst | Sgst | Total |
|---|---|---|---|---|---|---|---|---|
| 1 | PRF6554/5.03.22 | Airbed | 9 | Numbers | 1796.88 | 970.32 | 970.32 | 18112.58 |
| 2 | | Walker ADU Folding Alu Adult | 10 | Numbers | 926.62 | 231.66 | 231.66 | 9729.52 |
| 3 | | Diaper Adult (M) 10 Slifecare | 48 | Numbers | 207 | 596.16 | 596.16 | 11128.32 |
| 4 | | Wheel Chair(life Care | 4 | Numbers | 4123.9 | 412.398 | 412.39 | 17320.38 |
| 5 | | Colobag (25x14 CM Hole Dia 30mm -Romson | 6 | Numbers | 27.23 | 9.8 | 9.8 | 182.98 |
| 6 | | URI – COND MEDIUM | 43 | Numbers | 8.97 | 23.14 | 23.14 | 431.96 |
| | | Handling Charge | | Numbers | | | | 3092.65 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | Total | | | | | | 59998 |

ഇതിൽ 11715/- രൂപയുടെ ഉപകരണങ്ങൽ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 48283/- രൂപയുടെ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. ഈ വിഷയം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/29.08.22) മറുപടി ലഭ്യമായതിൽ ഉപകരണങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നാണ് അറിയിച്ചത്. മരുന്നുകളും ഉപകരണങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ലഭ്യമാകാനുള്ള മരുന്നുകളുടെയും ഉപകരണങ്ങളുടെയും തുക 122957/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 പഠനമുറി നിർമ്മാണം പൂർത്തികരിച്ചില്ല,125000/- രൂപ തടസ്സപ്പെടുത്തുന്ന

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിൽ റോയിമോൻ എന്ന ഗുണഭോക്താവിന് പഠനമുറി നിർമ്മിക്കുന്നതിനായി 2021-22 വർഷം ചുവടെ ചേർക്കുന്ന ബില്ലുകളിൽ നിന്നും 125000/- രൂപ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നം S0044/22

അടങ്കൽ -632000 (വികസനഫണ്ട് എസ് സി പി)

-168000 (തനത് ഫണ്ട്)

ചെലവ് - 50,000 - (21060152018900573572/28.10.2021)

75000/- (21060152018900859209/29.12.2021)

പ്രസ്തുത ഗുണഭോക്താവിന്റെ പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/29.08.22) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പഠനമുറി നിർമ്മാണം 21-22 കാലയളവിൽ പൂർത്തികരിക്കാൻ കഴിയാത്തതിനാൽ 22-23 വർഷത്തെ സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി. നാളിതുവരെ നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ 21-22 വർഷം നൽകിയ 125000/- രൂപ തടസ്സപ്പെടുത്തുന്നു. പഠനമുറി നിർമ്മാണം അടിയന്തിരമായി പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-20 തുല്യതാവിദ്യാഭ്യാസം - രേഖകൾ അപൂർണ്ണം - തടസ്സം-198050 /-

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ. | തുല്യതാവിദ്യാഭ്യാസം-(പ്രോജക്ട് നം. 56/22) |
| അടങ്കൽ | 200000/-(100000-വികസനഫണ്ട് -ജന), 100000-തനതുഫണ്ട്.) |
| ചെലവ്. | 198050/- |
| ബിൽ നം 11/21-22 /25.03.22 | 100000 (വികസനഫണ്ട് -ജന) |
| ചെക്ക് നമ്പർ JN 4692802 Dtd 25.03.22 | 54050 (തനതുഫണ്ട്,57026996123 നം. എസ്.ബി.ഐ അക്കൗണ്ടിലേയ്ക്ക് നൽകി) |
| ചെക്ക് നമ്പർ JN 4552860 Dtd 22.03.22 | 44000 (തനതുഫണ്ട്, അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ 02880100113107 നം. അക്കൗണ്ടിലേയ്ക്ക് നൽകി.) |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ,ഗവ.യു.പി.സ്കൂൾ |

തുല്യതാവിദ്യാഭ്യാസം പദ്ധതി പ്രകാരമുള്ള പഠിതാക്കളുടെ ഫീസ് കൊടുക്കുന്നതിനായി വിഭാവനം ചെയ്ത പ്രോജക്ട് നടത്തിപ്പിനായി ആകെ 198050/- രൂപ മേൽ സൂചിപ്പിച്ച കേരള സാക്ഷരതാമിഷൻ അക്കൗണ്ടുകളിലേയ്ക്ക് നൽകിയിട്ടുണ്ട്.

കേരള സാക്ഷരതാമിഷൻ തുക ഡിമാൻഡ് ചെയ്ത രേഖകൾ, തുക കൈപ്പറ്റിയതിന്റെ രേഖകൾ, സാക്ഷരതാ

പഠിതാക്കളുടെ അപേക്ഷകൾ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ എന്നിവ ഹാജരാക്കിയിട്ടില്ല. കൂടാതെ പരീക്ഷയ്ക്ക് ഹാജരായവരുടെ വിവരങ്ങൾ, അവർ പരീക്ഷയെഴുതിയ കാറ്റഗറികൾ സംബന്ധിച്ച വിശദാംശങ്ങൾ, പരീക്ഷാഫീസ് മുതലായവയുടെ എല്ലാ വിവരങ്ങളും സംബന്ധിച്ച രേഖകൾ, പരീക്ഷയുടെ ഹാൾടിക്കറ്റുകളുടെ പകർപ്പുകൾ എന്നിവയും ഹാജരാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/1.09.22) ഇവ ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച, പദ്ധതി നടത്തിപ്പ് സംബന്ധിച്ച സുപ്രധാനരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ടി. പദ്ധതിനടത്തിപ്പിനായി ചെലവഴിച്ച 198050/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 കെ.എസ്.ഇ.ബി-നിക്ഷേപ പ്രവർത്തികൾക്കായി തുക നല്കിയത് -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല 1025327/-രൂപ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ, ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ കെ.എസ്.ഇ.ബി-യിലേക്ക് നിക്ഷേപ പ്രവർത്തികൾക്കായി തുക നല്കിയതായി കാണുന്നു. കെ.എസ്.ഇ.ബി-യിൽ നിന്നുള്ള കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവ് തുക |
|---|---|---|
| 228 | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 846449/-<br>ബിൽ റഫ.നം. 21060152018701330167/15.3.22- ₹.376644/-<br>ബിൽ റഫ.നം. 21060152018701330152/15.3.22- ₹.469805/-<br>(വികസന ഫണ്ട്) |
| 121 | റോഡ് നിർമ്മാണത്തിന് തടസ്സമായ പോസ്റ്റ് ഷിഫ്റ്റിംഗ് | 45506/-<br>(ധനകാര്യ കമ്മീഷൻ അവാർഡ് 30800/-<br>തനത് ഫണ്ട്- 14706/-, ചെക്ക് നം.193018/13.12.21) |
| 201 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 133372/-<br>(ധനകാര്യ കമ്മീഷൻ അവാർഡ്) |
| | | 1025327 |

ഓഡിറ്റ് എൻക്വയറിക്ക് (നം. 14/30.8.22) ലഭ്യമാക്കിയ മറുപടി, പദ്ധതി വർഷത്തിന്റെ അവസാന സമയത്താണ് ടി തുകകൾ കൈമാറിയത് എന്നാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1025327/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ടി പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിക്കൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 പട്ടികജാതി വിദ്യാർത്ഥികൾക്കു പഠനോപകരണ വിതരണം - വിതരണം പൂർത്തിയാക്കിയില്ല.തടസ്സം-5000/-

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ. | പട്ടികജാതിയിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം (പ്രോജക്ട് നം. 60/22) |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ, ഗവ.യു.പി.എസ്. |
| അടങ്കൽ | 200000/- |
| ചെലവ് | തുക. |
| ബിൽ നം 5/21-22 /16.12.21 | 199986 /- |

ടി പ്രോജക്ട് പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക വിതരണം ചെയ്യുന്നതിനായി KADCO യിൽ നിന്നും 2910 രൂപ നിരക്കിൽ 40 സ്റ്റീൽ ടേബിളുകൾ, 1327/- രൂപ നിരക്കിൽ 40 ആം ചെയറുകൾ എന്നിവ വാങ്ങുന്നതിനായി ജിഎസ്.ടി. ഉൾപ്പടെ 199986/-ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിതരണരേഖകൾ പരിശോധിച്ചതിൽ നിന്നും ആകെ 39 ടേബിളുകളും ചെയറുകളും മാത്രമേ വിതരണം നടത്തിയിട്ടുള്ളൂ എന്ന കാണുന്നു. നാളിതുവരെ ഒരു സെറ്റ് ഉപകരണങ്ങൾ വിതരണം നടത്താത്തതിന്ന വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക (17/1.09.22) നൽകിയ മറുപടിയിൽ, തെരഞ്ഞെടുക്കപ്പെട്ട ഒരു ഗുണഭോക്താവ് ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല എന്നും, അർഹതയുള്ള മറ്റൊരു ഗുണഭോക്താവിന് ടി. ഉപകരണം നൽകുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ടി. ഉപകരണങ്ങൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതും അർഹതയുള്ളതുമായ ഗുണഭോക്താവിന് മാനദണ്ഡങ്ങൾക്കനുസൃതമായി വിതരണം നടത്തി ആയതിന്റെ രേഖകൾ ഹാജരാക്കുന്നതുവരെ ടി ഉപകരണങ്ങൾക്കായി നടത്തിയ 5000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 MGNREGS പ്രവൃത്തിയുടെ ഡിസ്പ്ലേബോർഡിന് തുക അനുവദിച്ചു - സ്ഥാപിച്ചിട്ടില്ല 1500/- രൂപ നിരാകരിക്കുന്നു

എം ബുക്ക് നം - 106/21-22

വർക്ക് കോഡ് -596621

ഗ്രാമപഞ്ചായത്തിൽ വാർഡ് 14 ലെ കോഴിക്കൂട് നിർമ്മാണത്തിനായി (തുളസിബാബു) എം ബുക്ക് പ്രകാരം 104665/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 1500/- രൂപ ഡിസ്പ്ലേ ബോർഡിന് സ്ഥാപിക്കുന്നതിനായിട്ടാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റിനോടനുബന്ധിച്ച് നടത്തിയ പ്രാദേശിക പരിശോധനയിൽ ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചിട്ടില്ല എന്ന് കാണാൻ സാധിച്ചു. ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കാതെ അതിനായി തുക അനുവദിച്ചതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/1.09.22) മറുപടി ലഭ്യമാക്കിയില്ല. MGNREGS പ്രവൃത്തികളിൽ ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ച് അതിന്റെ ഫോട്ടോയും ഫയലിൽ ലഭ്യമാക്കുകയാണ് പതിവ്. പ്രസ്തുത പ്രവൃത്തിയുടെ ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കാത്ത സാഹചര്യത്തിൽ അതിനായി ചെലവഴിച്ച തുക 1500/- ഓഡിറ്റിൽ നിരാകരിക്കുന്നു. ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-24 പാലിന് സബ്സിഡി അധികനിരക്കിൽ നല്കി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പാലിന് സബ്സിഡി. (പ്രോജക്ട് നം.35/22) |
| നിർവഹണ ഉദ്യോഗസ്ഥ | ഡയറി ഫാം ഇൻസ്ട്രക്ടർ. |
| അടങ്കൽ | 1500000 (600000- വി.ഫ-ജന, 500000 –ബ്ലോക്ക് പഞ്ചായത്ത്, 400000 – ജില്ലാ പഞ്ചായത്ത്.) |
| ചെലവ് | 1100000 (600000- വി.ഫ-ജന., 500000 –ബ്ലോക്ക് പഞ്ചായത്ത്) |
| ബിൽനം/ തീയതി. | തുക. |
| 1/21-22/2.1121 | 530368 /- |
| 2/21-22/2.11.21 | 500000 /- |
| 4/21-22 /30.11.21 | 69632/- |

പദ്ധതി പ്രകാരം 2021 ഏപ്രിൽ മുതൽ 2021 ഒക്ടോബർ വരെയുള്ള കാലയളവുകളിൽ കാട്ടൂർ, പാതിരപ്പള്ളി, പൊള്ളേത്തൈ എന്നീ ക്ഷീരസംഘങ്ങളിൽ അളന്ന പാലിന് സബ്സിഡി നൽകിയിട്ടുണ്ട്. ക്ഷീരസംഘത്തിൽ നൽകുന്ന പാലിന് ക്ഷീരവികസനവകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പടെ ലിറ്ററൊന്നിന് 4/- രൂപ തോതിൽ ഒരു വർഷം പരമാവധി 40000/- രൂപ ഒരു കർഷകന് സബ്സിഡിയായി നൽകാമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിലെ സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധമായ 14.12.18 ലെ സ.ഉ (കൈ) നം 22/18/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ പാലിന് സബ്സിഡി എന്ന പ്രോജക്ട് പ്രകാരം(പ്രോ നം. S0035/22) സംഘങ്ങൾക്ക് ലിറ്ററൊന്നിന് നാല് രൂപ തോതിൽ സബ്സിഡി നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ക്ഷീര വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി തുകയായ ഒരു രൂപ ഉൾപ്പെടാത്ത പക്ഷം കർഷകന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സബ്സിഡി ലിറ്ററിന് 3/- രൂപ തോതിലായതിനാലും സംസ്ഥാനവിഹിതം

ലഭ്യമല്ലെങ്കിൽ അതും തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകണമെന്ന് സബ്സിഡി മാർഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാലും പഞ്ചായത്ത് ഫണ്ടിൽ നിന്നും ലിറ്ററിന് 4/- രൂപ തോതിൽ സബ്സിഡി നൽകിയത് സബ്സിഡി മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

വിശദാംശം ചുവടെ ചേർക്കുന്നു

| സംഘത്തിന്റെ പേര് | ഏപ്രിൽ, മെയ്, ജൂലൈ,ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ അളന്ന പാൽ | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികമായി അനുവദിച്ച തുക |
|---|---|---|---|---|
| കാട്ടൂർ Kucs | 59422 | 237686 | 178266 | 59420/- |
| പാതിരപ്പള്ളി | 60390 | 241560 | 181170 | 60390/- |
| പൊള്ളേത്തൈ | 104729.5 | 418918 | 314188.5 | 104729.5/- |

ക്ഷീരകർഷകർക്ക് ലിറ്ററൊന്നിന് ഒരു രൂപ നിരക്കിൽ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്ന പദ്ധതി 2013-14 മുതൽ ക്ഷീരവികസനവകുപ്പ് നടപ്പിലാക്കി വരുന്നു. സംസ്ഥാന ബജറ്റിൽനിന്ന് ഓരോ വർഷവും പ്രസ്തുത പദ്ധതിയ്ക്കായി വകുപ്പിന് ലഭിയ്ക്കുന്ന വിഹിതത്തിന്റെ വിനിയോഗം വകുപ്പിന്റെ തനതുപദ്ധതിയായി നടപ്പിലാക്കപ്പെടുന്നതിനാലും പ്രസ്തുത പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പാലിന് സബ്സിഡി പദ്ധതിയുമായി സംയോജിപ്പിച്ചിട്ടില്ലാത്തതിനാലും തൻവർഷം ഏതേത് മാസങ്ങളിലേയ്ക്കാണ് വകുപ്പുതല മിൽക്ക് പ്രൊഡക്ഷൻ ഇൻസന്റീവ് അനുവദിച്ചതെന്ന് വ്യക്തമല്ല. ക്ഷീരവികസന വകുപ്പ് മന്ത്രിയുടെ 13.01.22 ലെ 23/22 MN/AH & DD നം കത്തിന് മറുപടിയായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും 3/- രൂപയാണ് നൽകാവുന്നത് എന്ന് സ്പഷ്ടീകരണം ലഭിച്ചിട്ടുള്ളതുമാണ്. ഇപ്രകാരം അധികനിരക്കിൽ സബ്സിഡി അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/2.09.22)മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഇപ്രകാരം സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികമായി ചെലവഴിച്ച 104729.5 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-25 ചെലവഴിച്ച തുകയുടെ മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

പ്രോജക്ട് നം. 33/22 പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങുന്നതിനായി ബിൽ നം. 5/21-22/26.11.21 പ്രകാരം 300000/- രൂപ പിൻവലിച്ച് ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ 132927 രൂപയുടെ മരുന്നു മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 167073/- രൂപയുടെ മരുന്നു ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/30.08.22) മറുപടിയായി മരുന്നു ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഹോംകോയ്ക്ക് അയച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

പ്രോജക്ട് നം. 42/22 പ്രകാരം, ആയുർവ്വേദ ആശുപത്രിക്ക് മരുന്നു വാങ്ങുന്നതിനായി ബിൽ നം. 4/21-22/7.10.21 പ്രകാരം 267750/-രൂപയും ബിൽ നം. 6/21-22/19.11.21 പ്രകാരം 200000/-രൂപയും പിൻവലിച്ച് പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിക്കു നൽകിയിട്ടുണ്ട്. എന്നാൽ ആകെ 235824/- രൂപയുടെ മരുന്നു മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 231926/- രൂപയുടെ മരുന്നു ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.
ടി തുകകളുടെ മരുന്ന് ലഭ്യമാകുന്നതുവരെ (167073+231926) 398999/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 സുഭിക്ഷ കേരളം പദ്ധതി-ഫിഷറീസ് സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല

ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹിച്ച പ്രോജക്ടുകളിൽ സുഭിക്ഷ കേരളം പദ്ധതി (ഫിഷറീസ്) സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടില്ലെന്ന് കാണുന്നു.

സുഭിക്ഷ കേരളം പദ്ധതി-ഫിഷറീസ് സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം ജനറൽ വിഭാഗത്തിന് യൂണിറ്റ് ചെലവിന്റെ 40% ആണ് സബ്സിഡി. ടി തുകയുടെ മൂന്നിൽ രണ്ട് തുക തദ്ദേശ സ്വയംഭരണ സ്ഥാപനം നല്കേണ്ടതും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പ് വഹിക്കേണ്ടതുമാണ് (സ.ഉ(സാ)1009/2020/തസ്വഭവ, 29.05.2020, ഖണ്ഡിക 4.2.2) എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ 40% സബ്സിഡിയുടെ മൂന്നിൽ രണ്ട് വിഹിതത്തിന് പകരം പൂർണ്ണമായും(40%) ഗ്രാമപഞ്ചായത്തിന്റെ വികസന (ജനറൽ) ഫണ്ടിൽ നിന്ന് ചെലവായിട്ടുണ്ട്. 1/3 വിഹിതം വകുപ്പ് വിഹിതമായി ചെലവഴിച്ചതായുള്ള രേഖകൾ ഫയലിൽ ഇല്ല എന്നും കാണുന്നു.

1.പ്രോജ.നം.41/22 ബയോഫ്ലോക്ക് മത്സ്യകൃഷി പ്രോജക്ടിൽ 92194/-രൂപയാണ് ചെലവായത് (ബിൽ റഫ.നം.2106015202110142 9109/23.3.22)

2. പ്രോജ.നം.40/22വീട്ടുവളപ്പിലെ മത്സ്യകൃഷി പ്രോജക്ടിൽ 163260/- രൂപയും (ബിൽ റഫ.നം. 2106015202110142 9096/23.3.22 പ്രകാരം 86340/- & (ബിൽ റഫ.നം. 2106015202110147 9697/26.3.22 പ്രകാരം 76920/-രൂപയും)

3. പ്രോജ.നം.151/22 സുഭിക്ഷകേരളം പടുതക്കുളത്തിൽ മത്സ്യകൃഷി പ്രോജക്ടിൽ 54195/-രൂപയും (ബിൽ റഫ.നം.21060152021101425746/23.3.22 & ബിൽ റഫ.നം.21060152021100639786/10.11.21 പ്രകാരം 11880/-രൂപയും) വീതമാണ് ചെലവായിട്ടുള്ളത്.

ടി പ്രോജക്ടുകളിലെല്ലാം 2/3 വീതമാണ് പദ്ധതി വിഹിതം ഗ്രാമപഞ്ചായത്ത് വിഹിതം ചെലവാക്കാൻ അനുവാദമുണ്ടായിരുന്നത്. ഇതിനാൽ ആകെ ചെലവ് 309649/-ന്റെ 1/3 ആയ 103216/-രൂപയാണ് അധിക ചെലവ് എന്ന് കാണുന്നു. ടി വിഷയത്തിൽ മറുപടി ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.23/02.09.22)നല്കിയ മറുപടിയിൽ ടി പ്രോജക്ട് തുടർവർഷവും തുടർന്ന് വരുന്നതായാണ് അറിയിച്ചത്. തുടർവർഷങ്ങളിൽ പ്രോജക്ട് പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

## 1-27 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി വിതരണം - അപാകതകൾ.തടസ്സം- 48748

1. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം. (പ്രോജക്ട് നം. 63/22)
അടങ്കൽ - 290000 (വികസനഫണ്ട്-ടി.എസ്.പി.- 284000, തനതുഫണ്ട്-6000)
ചെലവ്- 268704 (വികസനഫണ്ട്-ടി.എസ്.പി)
ബിൽ നം/തീയതി – തുക
1) 4/21-22/16.10.21 –38750/-
2) 8/21-22/9.02.22 –229954/-

ബിൽ നം 4/21-22/16.10.21 പ്രകാരം പിൻവലിച്ച 38750/- രൂപ ഉപയോഗിച്ച് ചോയിസ്, എൻ.എസ്.എസ്. ബിൽഡിംഗ്, ചേർത്തല എന്ന സ്ഥാപനത്തിൽ നിന്നും പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനായി പഠനോപകരണങ്ങൾ വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ, ഇവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഊരുകൂട്ടം പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്തൃലിസ്റ്റ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. പഠനോപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/1.09.22) തൃപ്തികരമായ വിശദീകരണം നൽകിയിട്ടില്ല. ടി രേഖകൾ ഹാജരാക്കുന്നതുവരെ പദ്ധതിക്കായി മേൽ സൂചിപ്പിച്ച ബിൽപ്രകാരം പിൻവലിച്ച 38750/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബിൽ നം 8/21-22/9.02.22 പ്രകാരം പിൻവലിച്ച 229954/- രൂപ ചെലവഴിച്ച് പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനായി 23 ടാബ് വാങ്ങിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ് രേഖകൾ പരിശോധിച്ചതിൽ നിന്നും 22 എണ്ണം മാത്രമാണ് വിതരണം ചെയ്തിരിക്കുന്നതെന്ന് കാണുന്നു. ഒരു ടാബ് വിതരണം നടത്താത്തതിനു വിശദീകരണം നൽകാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയതിന് മറുപടി നൽകിയിട്ടില്ല. ടി. ഉപകരണം അർഹതയുള്ള ഗുണഭോക്താവിന് മാനദണ്ഡപ്രകാരം വിതരണം ചെയ്ത് ആയതു സംബന്ധിച്ച് മതിയായ രേഖകൾ ഹാജരാക്കുന്നതു വരെ ടി. ഉപകരണത്തിന് ജി.എസ്.ടി. ഉൾപ്പടെ ചെലവാക്കിയ 9998/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 സുഭിക്ഷ കേരളം മുട്ടക്കോഴി വിതരണം അപാകതകൾ

വെറ്റി.സർജൻ നിർവ്വഹിച്ച സുഭിക്ഷ കേരളം മുട്ടക്കോഴി വിതരണം(പ്രോജ.നം.50/22) പ്രോജക്ടിൽ വികസന(ജനറൽ) ഫണ്ടിൽ നിന്ന് 499800/-രൂപ ചെലവഴിച്ചിട്ടുണ്ട്. മരിയാ ഫാം, ചേന്നപ്പാടി, കാഞ്ഞിരപ്പള്ളി-യ്ക്കാണ് 45-60 ദിവസം പ്രായമുള്ള കോഴിക്കുഞ്ഞിന് 120/-രൂപ നിരക്കിൽ ടി തുക നല്കിയത്.

ബിൽ റഫ.നം.21060152019601412742/22.03.22, 84600/-രൂപ

ബിൽ റഫ.നം.21060152019601479769/26.03.22, 82200/-രൂപ

ബിൽ റഫ.നം.21060152019601092718/09.02.22, 114600/-രൂപ

ബിൽ റഫ.നം.21060152019601018031/27.01.22, 218400/-രൂപ വീതമാണ് തുക നല്കിയത്.

പ്രോജക്ട് വിശദാംശങ്ങളടങ്ങുന്ന ഫയൽ ലഭ്യമാക്കിയിട്ടില്ല, മരിയ ഫാം-നെ തെരഞ്ഞെടുത്തത് സംബന്ധിച്ച പ്രോക്യൂർമെന്റ് വിവരങ്ങൾ, വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ചെലവ് വിശദാംശങ്ങൾ, അംഗീകൃത ഗുണഭോക്താക്കളുടെ വിവരം, ഗുണഭോക്താക്കളുടെ അപേക്ഷ, പ്രോജക്ട് മോണിറ്ററിംഗ് റിപ്പോർട്ട്-എന്നിവ ലഭ്യമാക്കണം. എത്ര ഗുണഭോക്താക്കൾക്ക് എത്ര വീതം മുട്ടക്കോഴികളെ നല്കി എന്നത് വ്യക്തമല്ല, ഇത് സംബന്ധിച്ച് ഹാജരാക്കിയ ലൈവ് സ്റ്റോക്ക് രജിസ്റ്ററിൽ എത്രവീതം വിതരണം ചെയ്തു എന്നത് വ്യക്തമാക്കാത്ത, വിശദാംശങ്ങൾ അപൂർണ്ണമായിട്ടുള്ള, കൈപ്പറ്റാണ് ഉള്ളത്. സുഭിക്ഷ കേരളം പദ്ധതിയിൽ അഞ്ച് കോഴിക്കുഞ്ഞുങ്ങളുടെ യൂണിറ്റിനാണ് ആനുകൂല്യം

നല്കാവുന്നത്. അപേക്ഷകളുടെ അഭാവത്തിൽ കൈപ്പറ്റിന്റെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല. ടി ഗുണഭോക്താക്കൾ സ്വന്തമായി കൂട് നിർമ്മിച്ചവരാണോ, തൊഴിലുറപ്പ് പദ്ധതിയിൽ ആനുകൂല്യം ലഭിച്ചവരാണോ മുതലായ വിശദാംശങ്ങളും ഫയലിൽ ലഭ്യമല്ല. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ആനുകൂല്യം നല്കുമ്പോൾ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടെയുള്ള മേൽ വിവരിച്ചിട്ടുള്ള അനുബന്ധ വിവരങ്ങൾ രജിസ്റ്റർ ചെയ്യപ്പെടേണ്ടതുണ്ട്. പ്രോജക്റ്റ് മോണിട്ടറിംഗ് കാര്യക്ഷമമാകേണ്ടതാണ്. അപാകത ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.20/1.9.22)

## 1-29 പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാതെ വർഷങ്ങളായി ശേഷിക്കുന്നു

ചുവടെ ചേർക്കുന്ന ഇനങ്ങളിൽ മുൻ വർഷത്തെ അതേ തുകകൾ തന്നെ വാർഷിക കണക്കിൽ ബാധ്യതയായി (ബി-4ഷെഡ്യൂളിൽ) തുടരുന്നതായി കാണുന്നു. വർഷങ്ങളായി നീക്കിയിരിപ്പുള്ള ടി തുകകൾ സംബന്ധിച്ച് നല്കിയ വിശദീകരണം ചുവടെ ചേർക്കുന്നു:-

എ) സർവ്വശിക്ഷാ അഭിയാൻ: 12000/- സ്കൂളുകളുടെ നവീകരണത്തിനായി 2012-13 വർഷം ലഭിച്ച തുക ചെലവഴിക്കാതെ ബാക്കി കിടക്കുന്നത്.

ബി) Fund For Transferred Institutions-Development Of Scheduled Castes-capital: 366701/-, കാവ് സംരക്ഷണത്തിനായി എസ്.സി.ഡിപ്പാർട്ട്മെന്റിൽ നിന്ന് പ്രത്യേകം അനുവദിച്ച തുകയാണ്, പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല, എ.ഇ-യുടെ വാല്യുവേഷൻ ലഭിച്ചിട്ടില്ല.

സി) Flood Relief Grant: 32781/- ഫ്ലഡ് റിലീഫിനായി വിവിധ റോഡുകളുടെ മെയിന്റനൻസിന് ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്ന് അനുവദിച്ച തുകയിൽ മിച്ചം വന്ന തുക.

ഡി) Contributions For Joint Venture Projects(Revenue Expenditure) From Block Panchayats: 473703/- ലൈഫ് ഭവന പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കിയുള്ളത്.

പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച തുക അവയ്ക്കായി ആസൂത്രണം ചെയ്ത ഇനത്തിൽ തന്നെ യഥാസമയം ചെലവഴിക്കുന്നതിനോ അതിന് സാധ്യമല്ലാത്ത സാഹചര്യമുണ്ടെങ്കിൽ ലഭ്യമാക്കിയ ഏജൻസി/വകുപ്പിലേക്ക് തിരികെ ഒടുക്കുന്നതിനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 പൊതുകുടിവെള്ള വിതരണ സംവിധാനം-ഗുണനിലവാരം മെച്ചപ്പെടുത്തൽ അറ്റകുറ്റപ്പണി

പൊതുകുടിവെള്ള വിതരണ സംവിധാനം-ഗുണനിലവാരം മെച്ചപ്പെടുത്തൽ അറ്റകുറ്റപ്പണി എന്ന പ്രോജക്റ്റിൽ (പ്രോജ.നം.148/22)ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് 533000/-രൂപ വാട്ടർ അതോറിറ്റിക്ക് നല്കി (ബിൽ റഫ.നം.2106015201870071304 0/27.11.21, പ്രകാരം എക്സി. എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, ആലപ്പുഴ-യ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു)തുകയുടെ കൈപ്പറ്റ്, വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ 11,14,17 വാർഡുകളിലെ ആർ.ഒ പ്ലാന്റുകളുടെ അറ്റകുറ്റപ്പണിക്കായാണ് തുക ഡെപ്പോസിറ്റ് ചെയ്തത്. ചെലവ് സംബന്ധിച്ച ഡി.എസ്.ആർ2018 എസ്റ്റിമേറ്റ് അനുസരിച്ചുള്ള തുകയാണ് കൈമാറിയിട്ടുള്ളത്. തുക കൈമാറിയതിന് ശേഷം 29.12.2021-ലാണ് കരാറിലേർപ്പെട്ടിട്ടുള്ളത്, ടി കരാറിൽ പ്രവർത്തി എന്ന് പൂർത്തീകരിക്കുമെന്നത് രേഖപ്പെടുത്തിയിട്ടില്ല. നിശ്ചിത കാലയളവിൽ പ്രവർത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകളും ഉൾപ്പെടുത്തിക്കാണുന്നില്ല. ടി അപാകതകളിന്മേൽ നല്കി ഓഡിറ്റ എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.15/30.8.22)വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിക്കൊണ്ട് 533000/-രൂപയുടെ ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 ആസ്തിരജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ.

ഓഡിറ്റിന് ലഭ്യമാക്കിയ മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1.വിവരങ്ങൾ അപൂർണ്ണം -

കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതിൽ വളരെയധികം കെട്ടിടങ്ങളുടെ നിർമ്മാണവർഷം, നിർമ്മാണ ചെലവ്, മെയിന്റനൻസ് സംബന്ധിച്ച വിവരങ്ങൾ, കൾവർട്ട്, പാലങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ, കുടിവെള്ള പദ്ധതികളുടെ വിവരങ്ങൾ മുതലായവ രേഖപ്പെടുത്തിയതായി കാണുന്നില്ല.

റോഡുകളുടെ വിവരം രേഖപ്പെടുത്തിയിട്ടുള്ളതിലും നിർമ്മാണവർഷം, മെയിന്റനൻസ് വിവരങ്ങൾ, റോഡിന്റെ തരം തുടങ്ങിയ വിവരങ്ങളും അപൂർണ്ണമാണ്. ഓഡിറ്റ് വർഷം നിരവധി ടാർ റോഡുകളും, കോൺക്രീറ്റ് റോഡുകളും നിർമ്മിച്ചിട്ടുണ്ടെങ്കിലും അവയുടെ വിവരങ്ങൾ ഇതിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഓഡിറ്റ് വർഷങ്ങൾക്ക് മുൻപുള്ള വർഷങ്ങളിലെയും നിർമ്മാണ പ്രവർത്തികളുടെ വിവരങ്ങളും പൂർണ്ണമായി രേഖപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടുമില്ല.

2.ആധികാരികമാക്കിയിട്ടില്ല-

ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥരാരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-32 തെരുവ് വിളക്ക് -മീറ്ററിംഗ് തുടർനടപടികൾ സ്വീകരിക്കണം

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജായി പ്രതിമാസം 1,89,032/- രൂപയാണ് പഞ്ചായത്ത് ഒടുക്കുന്നത്. വൈദ്യുതി വിളക്കിന്റെ ഇനം തിരിച്ചുള്ള വിശദാംശം വാർഡ് തലത്തിൽ രജിസ്റ്റർ ചെയ്ത് സൂക്ഷിക്കപ്പെടുന്നുണ്ടെങ്കിലും, തെരുവ് വിളക്കുകളെ തിരിച്ചറിയുന്നതിനുള്ള പോസ്റ്റ് നമ്പർ ഇടുന്നില്ല എന്നതിനാൽ ഇതിന്റെ സൂക്ഷ്മത പരിശോധിക്കാനാകുന്നില്ല. ഇപ്പോഴും രജിസ്റ്റർ പ്രകാരം നിരവധി പോസ്റ്റുകളിൽ ട്യൂബ് ലൈറ്റ് ഉള്ളതായാണ് കാണുന്നത്, റീപ്ലേസ് ചെയ്യുന്നതിന്റെ വിവരം നിലവിൽ രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യപ്പെടുന്നില്ല. എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളതിന് ആനുപാതികമായി വൈദ്യുതി ചാർജ്ജിൽ കുറവ് വരേണ്ടതുണ്ട്. ടി വിഷയം പരിഹരിക്കുന്നതിലേക്ക് തെരുവ് വിളക്ക് മീറ്ററിംഗ് സംബന്ധിച്ച് നിലവിൽ പ്രോജക്ട് (എസ്0073/23, 15 ലക്ഷം രൂപ അടങ്കലിൽ) ഏറ്റെടുത്ത് തുടർനടപടി സ്വീകരിച്ചിട്ടുണ്ട്. ടി വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾ ഉറപ്പാക്കേണ്ടതാണ്.

## 1-33 വാട്ടർ ചാർജ്ജ്-സംയുക്ത പരിശോധന-തുടർനടപടികൾ സ്വീകരിക്കണം

വാട്ടർ അതോറിട്ടിയുടെ ബില്ലുകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 1270 പൊതുടാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഓഡിറ്റ് വർഷം ഈ ടാപ്പുകൾക്ക് തൻവർഷം പ്രതിമാസം 583459/- രൂപ വീതം വാട്ടർ അതോറിട്ടിയിൽ വെള്ളക്കരം ഇനത്തിൽ പ്രോജക്ട്/തനത് വൌച്ചറുകൾ പ്രകാരം ഒടുക്കുന്നുണ്ട്. തൻവർഷം വികസന ഫണ്ടിൽ നിന്ന് ടി ഇനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്തിട്ടില്ല. വാട്ടർ അതോറിറ്റിയുടെ 09.03.22ലെ ബില്ല് പ്രകാരം 24671606/-രൂപയാണ് കുടിശ്ശികയുള്ളത്.

വാട്ടർ അതോറിട്ടിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി പൊതുടാപ്പുകളുടെ കൃത്യത പരിശോധിച്ചതിന്റെ കണക്ക് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. 27.07.22 തീയതിയിൽ സംയുക്ത പരിശോധനയ്ക്കായി കത്ത് കൊടുത്തുകാണുന്നു. തുടർനടപടികൾ സ്വീകരിച്ച് കാണുന്നില്ല. വാട്ടർ അതോറിട്ടിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. നിലവിൽ ഗ്രാമപഞ്ചായത്തിന്റെ വടക്കൻ മേഖലയിൽ ജപ്പാൻകുടിവെള്ള പദ്ധതി പ്രായോഗികമായിട്ടുണ്ട്, ആയത് കൂടി പരിഗണിച്ചുകൊണ്ട്, പൊതുടാപ്പുകളുടെ എണ്ണം ക്രമപ്പെടുത്തേണ്ടതാണ്. അതുവഴി വാട്ടർ അതോറിട്ടിക്ക് വർഷം തോറും നല്കിവരുന്ന വെള്ളക്കരം ഗണ്യമായി കുറയ്ക്കുവാൻ സാധിക്കും. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഉണ്ടായിരുന്നുവെങ്കിലും അതിന്മേൽ ക്രീയാത്മക നടപടികൾ ഉണ്ടായതായിക്കാണുന്നില്ല. അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 വർഷങ്ങളായി തുടരുന്ന ഡെപ്പോസിറ്റുകൾ-മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കണം

വിവിധ ഇനങ്ങളിലായി, വർഷങ്ങളായി തുടരുന്ന ഡെപ്പോസിറ്റുകൾ പഞ്ചായത്ത് അക്കൌണ്ടിലേക്ക് മുതൽക്കൂട്ടപ്പെടാതെ അവശേഷിക്കുന്നതായി കാണുന്നു. Other Deposit ഇനത്തിൽ 28.04.2016 മുതലുള്ള തുകയും, Contractors EMD ഇനത്തിൽ 14.11.2016 പ്രകാരമുള്ള തുകയും Bidders EMD ഇനത്തിൽ 14.11.2016 പ്രകാരമുള്ള തുകയും ഇങ്ങനെ അവശേഷിക്കുന്നു (തുകകളുടെ വിവരങ്ങളിലും തീയതി രേഖപ്പെടുത്തലിലും രജിസ്റ്ററിൽ അവ്യക്തതയുള്ളതിനാൽ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല) ടി തുകകളിൽ ഗ്രാമപഞ്ചായത്തിലേക്ക് മുതൽക്കൂട്ടുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുള്ള തുകകൾ കണ്ടെത്തി, അവ ഒഴിവാക്കി ശേഷിക്കുന്ന തുക മുതൽക്കൂട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട് (ഓഡിറ്റ് എൻക്വയറി നം.2/25.8.22)

## 1-35 കാലിവീപ്പയുടെ വില സെക്രട്ടറിയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു.

റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കിയ ടാർ വീപ്പയുടെ വില | ഫണ്ട് ഇനം | ചെലവു വിവരം |
|---|---|---|---|---|
| 1 | പമ്പ് ഹൗസ് ബീച്ച് റോഡ് റീ-ടാറിംഗ് ഘട്ടം 2, (പ്രോജ. നം. 164/22) | 8850 | റോഡു സംരക്ഷണ ഗ്രാന്റ് | 2/20.11.21 രൂപ991023 |
| 2 | സർവ്വോദയപുരം കാട്ടൂർ ജോസഫ് സ്മാരക റോഡ് റീ-ടാറിംഗ്(പ്രോജ. നം. 180/22) | 4130 | റോഡു സംരക്ഷണ ഗ്രാന്റ് | 1/20.11.21 രൂപ 695144/- |
| 3 | വലിയ കലവൂർ ക്ഷേത്രം റോഡ് ടാറിംഗ് (പ്രോജ. നം. 166/22) | 2360 | റോഡു സംരക്ഷണ ഗ്രാന്റ് | 11/1.12.21-രൂപ 450748/- |

ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട് /മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി)177/06 ധനം 12-04-06 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. വികസന ഫണ്ട്/റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഗവൺമെന്റിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്. ഇപ്രകാരം ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/29.08.22) നിലവിൽ വികസന ഫണ്ട്/റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഗവൺമെന്റിലേക്ക് ഒടുക്കു വരുത്തുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കാലിവീപ്പയുടെ ജി.എസ്.ടി. പ്രത്യേകം കണക്കാക്കി ബന്ധപ്പെട്ട വകുപ്പിലേയ്ക്ക് ഒടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-36 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - 80mm Thick Cc Paver Block പാകുന്നതിനായി അധിക നിരക്ക് നൽകിവരുന്നു

CPWD സ്പെസിഫിക്കേഷൻ 16.91.2 പ്രകാരം 80mm Thick Cc Paver Block പാകുന്നതിനായി 1 $M^3$ ന് 638.95/$m^2$ ഉം കോസ്റ്റ് ഇൻഡക്സ് 48.71/- ഉൾപ്പെടെ 950.18/$m^3$ ആണ് അനുവദിക്കാവുന്ന നിരക്ക് എന്നിരിക്കെ ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്ക് 80mm Thick Cc Paver Block പാകുന്നതിനായി 1 $M^3$ ന് 1652/- രൂപ അനുവദിച്ചിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | എം. ബുക്ക് നമ്പർ | *80mm Thick Cc Paver Block പാകിയ ഏരിയ* | *1652/$m^3$ നിരക്കിൽ അനുവദിച്ച തുക* | *950.18/$m^3$ നിരക്കിൽ അനുവദിക്കാവുന്ന തുക* | അധികം |
|---|---|---|---|---|---|
| നവസൂര്യടൈൽ റോഡ് | 88/21-22 | 143.85 | 237640 | 136683 | 100957 |
| ഇടവഴിക്കൽ പോലീസ് റോഡ് | 790/21-22 | 200.7 | 331556 | 190701 | 140854 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (18/01.09.22) ലഭ്യമാക്കിയ മറുപടിയിൽ സെക്യൂർ എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് എന്നാണ് അറിയിച്ചത്. മേൽ സൂചിപ്പിച്ച കണക്കുകളിൽ നിന്നും സെക്യൂർ സോഫ്റ്റ്‌വെയർ പ്രകാരം ഉയർന്ന നിരക്കാണ് നൽകിയിട്ടുള്ളത്. നിരക്കുകൾ തമ്മിലുള്ള വൈരുദ്ധ്യം പരിശോധിക്കുന്നതിനായി മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത്ഈടാക്കിയില്ല-വരുമാന നഷ്ടം 5,000/-രൂപ

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ /

സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250/- രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2021-22 ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | |
|---|---|---|---|
| 1 | പതിരപ്പള്ളി ക്ഷീരോൽപാദക സഹകരണ സംഘം | 1& 2 | 2500 |
| 2 | പള്ളിപ്പറമ്പിൽ ഫിനാൻസിയേഴ്സ് | 1& 2 | 2500 |
| | | ആകെ | 5000 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:6, തീയതി 27/08/2022) മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് ഇത് സംബന്ധിച്ച് കത്ത് നൽകിയതായും സ്ഥാപന തൊഴിൽ നികുതി അടവാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ നിന്നും 2021-22 ലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-2 മൂലധന നിക്ഷേപത്തിന് അനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കിയില്ല - വരുമാന നഷ്ടം 11,000/-രൂപാ

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന റ്റി.വി.എസ്. അയ്യങ്കാർ ആൻറ് സൺസ് എന്ന സ്ഥാപനം ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ഹാജരാക്കിയ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള മൂലധന നിക്ഷേപത്തിന് അനുസൃതമായി ഈടാക്കേണ്ട ലൈസൻസ് ഫീസിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം / | PCB രജിസ്ട്രേഷൻ നമ്പർ / PCB | ഈടാക്കിയ ലൈസൻസ് ഫീസ് | ഇടാക്കേണ്ട ലൈസൻസ് ഫീസ് | വരുമാന നഷ്ടം |
|---|---|---|---|---|---|
| 1 | റ്റി.വി.എസ്. അയ്യങ്കാർ ആൻറ് സൺസ് | PCB/ALP/ UCO-4082/15 203.85 ലക്ഷം (2.0385 കോടി) | 4000 | 15000 | 11,000/- |
| | ആകെ | | | | 11,000/- |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:1/തീയതി:24-08-22) ടി സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസിനത്തിൽ ഈടാക്കേണ്ട 11,000/- രൂപ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി സ്ഥാപനത്തിൽ നിന്നും ക്രമപ്രകാരം ഈടാക്കേണ്ട ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പാലിന് സബ്സിഡി അധികനിരക്കിൽ നൽകി

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | പാലിന് സബ്സിഡി. (പ്രോജക്റ്റ് നം.35/22) |
| നിർവഹണ ഉദ്യോഗസ്ഥ | ഡയറി ഫാം ഇൻസ്ട്രക്ടർ. |
| അടങ്കൽ | 1500000 (600000- വി.ഫ-ജന, 500000 –ബ്ലോക്ക് പഞ്ചായത്ത്, 400000 – ജില്ലാ പഞ്ചായത്ത്.) |
| ചെലവ് | 1100000 (600000- വി.ഫ-ജന., 500000 –ബ്ലോക്ക് പഞ്ചായത്ത്) |
| ബിൽ നം./ തീയതി. | തുക. |
| 1/21-22/2.1121 | 530368/- |
| 2/21-22/2.11.21 | 500000/- |

| | |
|---|---|
| 4/21-22/30.11.21 | 69632/- |

പദ്ധതി പ്രകാരം 2021 ഏപ്രിൽ മുതൽ 2021 ഒക്ടോബർ വരെയുള്ള കാലയളവുകളിൽ കാട്ടൂർ, പാതിരപ്പള്ളി, പൊള്ളേത്തൈ എന്നീ ക്ഷീരസംഘങ്ങളിൽ അളന്ന പാലിന് സബ്സിഡി നൽകിയിട്ടുണ്ട്. ക്ഷീരസംഘത്തിൽ നൽകുന്ന പാലിന് ക്ഷീരവികസനവകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പടെ ലിറ്ററൊന്നിന് 4 രൂപ തോതിൽ ഒരു വർഷം പരമാവധി 40000/- രൂപ ഒരു കർഷകന് സബ്സിഡിയായി നൽകാമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിലെ സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധമായ 14. 12. 18 ലെ സ.ഉ(കൈ) നം. 22/18/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഡയറി ഫാം ഇൻസ്റ്റക്ടർ നിർവഹണം നടത്തിയ പാലിന് സബ്സിഡി എന്ന പ്രോജക്റ്റ് പ്രകാരം (പ്രോജക്റ്റ് നം. S0035/22) സംഘങ്ങൾക്ക് ലിറ്ററൊന്നിന് നാല് രൂപ തോതിൽ സബ്സിഡി നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ക്ഷീര വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി തുകയായ ഒരു രൂപ ഉൾപ്പെടാത്ത പക്ഷം കർഷകന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സബ്സിഡി ലിറ്ററിന് 3 രൂപ തോതിലായതിനാലും സംസ്ഥാനവിഹിതം ലഭ്യമല്ലെങ്കിൽ അതും തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകണമെന്ന് സബ്സിഡി മാർഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാലും പഞ്ചായത്ത് ഫണ്ടിൽ നിന്നും ലിറ്ററിന് 4 രൂപ തോതിൽ സബ്സിഡി നൽകിയത് സബ്സിഡി മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

വിശദാംശം ചുവടെ ചേർക്കുന്നു.

| സംഘത്തിന്റെ പേര് | ഏപ്രിൽ, മെയ്, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ അളന്ന പാൽ | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികമായി അനുവദിച്ച തുക |
|---|---|---|---|---|
| കാട്ടൂർ Kucs | 59422 | 237686 | 178266 | 59420/- |
| പാതിരപ്പള്ളി | 60390 | 241560 | 181170 | 60390/- |
| പൊള്ളേത്തൈ | 104729.5 | 418918 | 314188.5 | 104729.5/- |

ക്ഷീരകർഷകർക്ക് ലിറ്ററൊന്നിന് ഒരു രൂപ നിരക്കിൽ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്ന പദ്ധതി 2013-14 മുതൽ ക്ഷീരവികസനവകുപ്പ് നടപ്പിലാക്കി വരുന്നു. സംസ്ഥാന ബജറ്റിൽ നിന്ന് ഓരോ വർഷവും പ്രസ്തുത പദ്ധതിയ്ക്കായി വകുപ്പിന് ലഭിയ്ക്കുന്ന വിഹിതത്തിന്റെ വിനിയോഗം വകുപ്പിന്റെ തനതുപദ്ധതിയായി നടപ്പിലാക്കപ്പെടുന്നതിനാലും പ്രസ്തുത പദ്ധതി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പാലിന് സബ്സിഡി പദ്ധതിയുമായി സംയോജിപ്പിച്ചിട്ടില്ലാത്തതിനാലും തൻവർഷം ഏതേത് മാസങ്ങളിലേയ്ക്കാണ് വകുപ്പുതല മിൽക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് അനുവദിച്ചതെന്ന് വ്യക്തമല്ല. ക്ഷീരവികസന വകുപ്പ് മന്ത്രിയുടെ 13.01.22 ലെ 23/22 MN/AH & DD നം. കത്തിന് മറുപടിയായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും 3 രൂപയാണ് നൽകാവുന്നത് എന്ന് സ്പഷ്ടീകരണം ലഭിച്ചിട്ടുള്ളതുമാണ്. ഇപ്രകാരം അധികനിരക്കിൽ സബ്സിഡി അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/2.09.22) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഇപ്രകാരം സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികമായി ചെലവഴിച്ച 104729.5/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-2 MGNREGS പ്രവൃത്തിയുടെ ഡിസ്പ്ലേ ബോർഡിന് തുക അനുവദിച്ചു - സ്ഥാപിച്ചിട്ടില്ല 1500/- രൂപ നിരാകരിക്കുന്നു

എം. ബുക്ക് നം. - 106/21-22

വർക്ക് കോഡ് -596621

ഗ്രാമപഞ്ചായത്തിൽ വാർഡ് 14 ലെ കോഴിക്കൂട് നിർമ്മാണത്തിനായി (തുളസിബാബു) എം. ബുക്ക് പ്രകാരം 104665/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 1500/- രൂപ ഡിസ്പ്ലേ ബോർഡിന് സ്ഥാപിക്കുന്നതിനായിട്ടാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റിനോടനുബന്ധിച്ച് നടത്തിയ പ്രാദേശിക പരിശോധനയിൽ ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചിട്ടില്ല എന്ന്

കാണാൻ സാധിച്ചു. ഡിസ്‌പ്ലേ ബോർഡ് സ്ഥാപിക്കാതെ അതിനായി തുക അനുവദിച്ചതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/1.09.22) മറുപടി ലഭ്യമാക്കിയില്ല. MGNREGS പ്രവൃത്തികളിൽ ഡിസ്‌പ്ലേ ബോർഡ് സ്ഥാപിച്ച് അതിന്റെ ഫോട്ടോയും ഫയലിൽ ലഭ്യമാക്കുകയാണ് പതിവ്. പ്രസ്തുത പ്രവൃത്തിയുടെ ഡിസ്‌പ്ലേ ബോർഡ് സ്ഥാപിക്കാത്ത സാഹചര്യത്തിൽ അതിനായി ചെലവഴിച്ച തുക 1500/- ഓഡിറ്റിൽ നിരാകരിക്കുന്നു. ഡിസ്‌പ്ലേ ബോർഡ് സ്ഥാപിച്ച് വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 224000 | ലൈഫ് പ്രോജക്ട് | 224000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 65000 | ലൈഫ് പ്രോജക്ട് | 65000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 500000 | മിൽക്ക് ഇൻസന്റീവ് | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 635900 | സ്കോളർഷിപ്പ് | 635900 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-2022 | 800000 | ലൈഫ് പ്രോജക്ട് | 800000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-2022 | 900000 | പകൽവീട് | 900000 | 952 |
| ജില്ലാ പഞ്ചായത്ത് | 2021-2022 | 100000 | ന്യൂട്രിഷൻ പ്രോജക്ട് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-2022 | 598900 | സ്കോളർഷിപ്പ് | 598900 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-2022 | 1000000 | ലൈഫ് പ്രോജക്ട് | 1000000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-2022 | 3760000 | ലൈഫ് പ്രോജക്ട് | 3760000 | 0 |

## 4-2 ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | പ്രോജ.നം./വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | 121/22 | 133372/- | 0 | 133372/- |
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | 201/22 | 45506/- | 0 | 45506/- |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 228/22 | 846449/- | 0 | 846449/- |
| കെ.ഡബ്ല്യൂ.എ | വെള്ളവിതരണ സംവിധാനം അറ്റകുറ്റപ്പണി | 148/22 | 533000/- | 0 | 533000/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | | 1000000 | 67101553 | 5778667 | 0 | 62322586 |
| ഇ.എം.എസ് ഭവനപദ്ധതി | | | 1988247 | | | 1988247 |

വാർഷിക കണക്കിൽ (ബി-5) ടി തുകകൾ രേഖപ്പെടുത്തപ്പെട്ടതിൽ അപാകതയുണ്ട്. ശരിയായ തുകകളാണ് ഇവിടെ ചേർക്കുന്നത്.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6450488 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 377917 |
| ആകെ | 6828405 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 6828405 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2020-21 | 1-32 | 1817 | മിനി | 121040103307/18.11.21 |
| 2019-20 | 1-32 | 50 | രശ്മിണിയമ്മ | 121040103137/09.11.21 |
| 2020-21 | 1-32 | 15459 | ജിതേന്ദ് | 121040103306/18.11.21 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2014-15 | 4-1-9 | 20142015 | 4-1-9 | ഉപയോഗമില്ലാത്ത മത്സ്യമാർക്കറ്റ്, ചന്ത | നടപടികൾ സ്വീകരിച്ച് വരുന്ന |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 166697028/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 166722444/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 16,000/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 106229.5/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2003916/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 5,000/- | | ശ്രീ.പ്രസാദ്.വി,സെക്രട്ടറി-2500/-<br>ശ്രീമതി.സുബൈദ ബായ്, സെക്രട്ടറി-2500/- |
| 2-2 | 11,000/- | | ശ്രീമതി.രാജശ്രീ.ജെ, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 3-1 | | 104729.5 /- | ശ്രീമതി.സോജശിവദാസ്, ഡയറി ഫാം ഇൻസ്പെക്ടർ |
| 3-2 | | 1500 /- | സെക്രട്ടറി |
| ആകെ | 16,000/- | 106229.5/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേര്, ഉദ്യോഗപ്പേര് |
|---|---|---|
| 1-16 | 61427 | സീത.എൻ.ആർ, എച്ച്.എം ഗവ.യു.പി.എസ്. |
| 1-17 | 18408 | ബിന്ദുമോൾ, എച്ച്.എം ഗവ.യു.പി.എസ് |
| 1-18 | 122957 | അർച്ചന, എം.ഒ, പി.എച്ച്.സി, |
| 1-19 | 125000 | രാജശ്രീ.ജെ, അസി.സെക്രട്ടറി |

| | | |
|---|---|---|
| 1-20 | 198050 | സീത.എൻ.ആർ, എച്ച്.എം ഗവ.യു.പി.എസ് |
| 1-21 | 1025327 | രേഖ.കെ, സെക്രട്ടറി-881728/-<br>സുബൈദബായ്, സെക്രട്ടറി-45506/-<br>ഗോപകുമാർ, സെക്രട്ടറി-98093/- |
| 1-22 | 5000 | സീത.എൻ.ആർ, എച്ച്.എം ഗവ.യു.പി.എസ് |
| 1-25 | 398999 | താഹിറ.പി.എ |
| 1-27 | 48748 | ബിന്ദുമോൾ, എച്ച്.എം ഗവ.യു.പി.എസ് - 38750<br>സീത. എൻ. ആർ, എച്ച്.എം ഗവ.യു.പി.എസ് - 9998 |
| ആകെ | 2003916/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സോജ ശിവദാസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ, ആര്യാട് ക്ഷീരവികസനഓഫീസ്. | ശാലിനി ഭവനം, വാരനാട്.പി.ഒ, ചേർത്തല. |
| രേഖ.കെ, സെക്രട്ടറി | സെക്രട്ടറി, മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് | കൽപക, ചേർത്തല.പി.ഒ |
| സുബൈദബായ്, സെക്രട്ടറി | സെക്രട്ടറി(റിട്ട.) | സുഹാസ് മൻസിൽ, തത്തംപള്ളി.പി.ഒ, ആലപ്പുഴ |
| ഗോപകുമാർ, സെക്രട്ടറി | സെക്രട്ടറി, തഴക്കര ഗ്രാമപഞ്ചായത്ത് | കൃഷ്ണ ഭവനം, കരിപ്പുഴ, മാവേലിക്കര |
| ബിന്ദുമോൾ, എച്ച്.എം, ഗവ.യു.പി.എസ്. | കോടംതുരുത്ത് ഗവ.എൽ.പി.എസ്. | - |
| സീത.എൻ.കെ എച്ച്.എം ഗവ.യു.പി.എസ്. | | കളരിക്കൽവെളി, പെരുമ്പാറ, ചേർത്തല |
| രാജശ്രീ.ജെ അസി.സെക്രട്ടറി | അസി.സെക്രട്ടറി, മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് | പുത്തൻപുരയ്ക്കൽ കണിച്ചുകുളങ്ങര |
| അർച്ചന | മെഡിക്കൽ ഓഫീസർ ആർഎച്ച്.റ്റി.സി ചെട്ടികാട് | വാളംപറമ്പിൽ തത്തംപള്ളി.പി.ഒ ആലപ്പുഴ |
| താഹിറ.പി.എ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | പടിയത്ത് ഹൌസ്, എറിയാട് .പി.ഒ, കൊടുങ്ങല്ലൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|

| | |
|---|---|
| 1997-98 (ചെലവ്) | എൽ.എഫ്. ജി.എ 5- 1832/11/21.01.12 ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 1998-99 (ചെലവ്) | |
| 2002-03 (ചെലവ്) | |
| 2003-04 (ചെലവ്) | |
| 2004-05 (ചെലവ്) | |
| 2005-06 (വരവ്) | |
| 2006-07 | എൽ.എഫ്.എ-പി 9/257/10.08.10 |
| 2007-08 | എൽ.എഫ്.എ- പി 4/73 (എ)/11/26.05.11/13.07.11 |
| 2008-09 | എൽ.എഫ്.എ- പി 4/1002/11/ 03.03.12/06.07.12 |
| 2009-10 | എൽ.എഫ്.എ- പി 4/1003/11/ 03.03.12/06.07.12 |
| 2010-11 | എൽ.എഫ്.എ- പി 4/1070/12/14.11.12 |
| 2011-12, 12-13 | എൽ.എഫ്.എ- പി 8/164/14/23.04.14 |
| 2013-14 | കെ.എസ്.എ എ.പി.ഇസഡ് പി8/1019/15/11.08.15/31.08.15 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി.8-834/16/30.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി8-1515/16/31.12.2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി8/962/2017/25.07.2017 |
| 2017-18 | കെ.എസ്.എ- എ.എൽ.പി/പി14/51/19/10.01.2019 |
| 2018-19 | കെ.എസ്.എ- എ.എൽ.പി/പി11/1155/2019/21.05.2020 |
| 2019-20 | കെ.എസ്.എ- എ.എൽ.പി/പി11/1063/2021/19.03.22 |
| 2020-21 | കെ.എസ്.എ- എ.എൽ.പി/പി11/1064/2021/19.03.22 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്